# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

14th YEAR

Vol.14 | No.3 | കാർത്തികപ്പള്ളി | R.No. 7361/02 | 2014 MARCH

e-paper : vedabhimani


# ബൈബിൾ ക്ഷേത്രം

കർണാടകയിലെ ദർവാഡ് ജില്ലയിലെ നവൽഗുണ്ടിലുള്ള അജത നാഗലിംഗസ്വാമി ക്ഷേത്രത്തിൽ ബൈബിൾ പൂജിക്കുന്നു. ബൈബിളിന്റെ മുന്നിൽ പുഷ്പാഞ്ജലിയും ആരതിയും അർപ്പിച്ചുകൊണ്ടാണ് അമ്പലത്തിൽ ഒരു ദിവസം ആരംഭിക്കുന്നത്. നിരവധി ഭക്തർ അമ്പലത്തിൽ പ്രാർഥിക്കാൻ എത്താറുണ്ട്. 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യോഗിയായ നാഗലിംഗസ്വാമിയുടെ പേരിലാണ് അമ്പലം നിർമ്മിച്ചിരിക്കുന്നതെന്ന് ക്ഷേത്രത്തിന്റെ ഇപ്പോഴത്തെ ചുമതലക്കാരൻ വീരേന്ദ്രസ്വാമി പറഞ്ഞു. ലണ്ടനിലെ മിഷനറീസ് ഓഫ് ജർമൻ സഭയും വെസ്ലെയാൻ മിഷനറീസ് സൊസൈറ്റിയും സംയുക്തമായി, 1865-ൽ കന്നഡ ഭാഷയിൽ മാംഗ്ലൂരിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച ബൈബിളിന്റെ ഒരു കോപ്പിയാണ് അമ്പലത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഹിന്ദു പത്രമാണ് ഈ വാർത്ത റിപ്പോർട്ട് ചെയ്തത്.



ബൈബിൾ പൂജിക്കുന്ന അമ്പലം ഉണ്ടായതിനു പിന്നിൽ രസകരമായ ഒരു ഐതിഹ്യം കൂടിയുണ്ടെന്ന് വീരേന്ദ്രസ്വാമി പറയുന്നു. മുഷ്തിഗരി ഗ്രാമത്തിലെ കല്ലപ്പയെന്ന ദേവീഭക്തന് ഒരു സംഘം ക്രിസ്ത്യൻ മിഷനറിമാർ ബൈബിൾ നൽകി. താൽപര്യമില്ലെങ്കിലും ബൈബിൾ സൂക്ഷിച്ചുവയ്ക്കാൻ കല്ലപ്പ തീരുമാനിക്കുകയായിരുന്നു. ഒരിക്കൽ നാഗലിംഗസ്വാമിയെന്ന യോഗി കല്ലപ്പയെ കാണാനെത്തി. എന്നാൽ യോഗി കാണാതെ കല്ലപ്പ ബൈബിൾ മറച്ചുവച്ചു. പക്ഷെ സംസാരത്തിനിടെ കല്ലപ്പയോടു ബൈബിൾ കാണിക്കാൻ യോഗി ആവശ്യപ്പെട്ടു. കല്ലപ്പയിൽ നിന്നു ബൈബിൾ വാങ്ങിയ നാഗലിംഗപ്പ കൊളുത്ത് ഉപയോഗിച്ച് ബൈബിൾ തുളച്ചു. തുടർന്ന് വിക്ടോറിയൻ വെള്ളിനാണയം അതിനുള്ളിലൂടെ ഇട്ടു. അന്നുണ്ടായ ബൈബിളിലെ തുളയുടെ വലിപ്പം ഇപ്പോൾ കുറയുന്നുണ്ടെന്നും മുറിഞ്ഞുപോയ അക്ഷരങ്ങൾ തെളിഞ്ഞുവരുന്നുണ്ടെന്നും വീരേന്ദ്രസ്വാമി അവകാശപ്പെട്ടു. ക്ഷേത്രാധികാരികൾ ഇക്കാര്യം കൃത്യമായി പരിശോധിച്ച് അളവ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ക്ഷേത്രത്തിൽ എത്തുന്നവർക്ക് പൂജാരികൾ ബൈബിൾ കാണിച്ചു കൊടുക്കാറുണ്ട്. തുളയുടെ വലിപ്പം കുറയുന്നതു ബൈബിളിൽ വ്യക്തമായി കാണാമെന്നും പറയപ്പെടുന്നു. പ്രഭാതപൂജയ്ക്ക് മുമ്പ് പ്രത്യേക അനുവാദം വാങ്ങിച്ചിട്ടുള്ളവർക്കാണ് ബൈബിൾ കാണാനുള്ള അവസരം ലഭിക്കുക.




# സ്നാപക യോഹന്നാന്റെ അനുയായികൾക്കു ‘വംശനാശ’ ഭീഷണി

യേശുവിന്റെ ആഗമനത്തെക്കുറിച്ച് വിളംബരം ചെയ്യുകയും ലോകരക്ഷകന്റെ സ്നാനം നടത്തുകയും ചെയ്ത പ്രവാചകനായിരുന്ന സ്നാപക യോഹന്നാന്റെ പിന്തുടർച്ചക്കാർ ഇറാഖിൽ വംശനാശത്തിന്റെ വക്കിൽ. നിരവധിപേർ ഇവിടെനിന്നു പലായനം ചെയ്തു. ഒട്ടേറെപ്പേർ കൊല്ലപ്പെട്ടു. ഒറ്റ ജീവിയെയും വേദനിപ്പിക്കുകയോ സ്വയരക്ഷയ്ക്കു പോലും ആയുധമെടുക്കുകയോ ചെയ്യാത്ത ന്യൂനപക്ഷമാണിത്. അണുവിട തെറ്റാതെ പാരമ്പര്യവും വിശ്വാസവും പാലിക്കുന്ന വിഭാഗത്തിന്റെ നാശത്തിനു വഴിതെളിച്ചത് ഇറാഖിലെ യുദ്ധവും സദ്ദാം ഹുസൈന്റെ വേട്ടയാടലുമായിരുന്നു. ഇതിനുപുറമെ സിറിയയിലെ കലാപവും ഇവരുടെ നിലനിൽപ്പ് അപകടത്തിലാക്കുന്നു. മാണ്ഡിയൻസ് എന്നറിയപ്പെടുന്ന ഇവർക്കു “വിശുദ്ധ യോഹന്നാൻ ക്രിസ്ത്യാനികളെന്ന” വിശേഷണം പതിനേഴാം നൂറ്റാണ്ടിൽ ഇവിടെയെത്തിയ ഡച്ചുകാർ നൽകിയിരുന്നു. രണ്ടായിരം വർഷം മുമ്പുള്ള ആചാരം ഇന്നും പുലർത്തുന്നു. എല്ലാ ഞായറാഴ്ചയും ഇവർ ടൈഗ്രിസ് പുഴക്കരയിൽ പ്രാർത്ഥനയ്ക്ക് ഒത്തുകൂടും. ശുഭ്രവസ്ത്രവും മരംകൊണ്ടുള്ള മെതിയടിയും ധരിക്കുന്ന ഈ വിശ്വാസികൾക്കു നീണ്ട



താടിയുണ്ടാകും. അർമേനിയ ഭാഷ സംസാരിക്കുന്ന അനുയായികൾ വിവാഹം ഉൾപ്പെടെയുള്ള ചടങ്ങിനിടെ പുഴയിലിറങ്ങി സ്നാനം ചെയ്യും. എന്തും സഹിക്കാനുള്ള മനസുമായി ഇവർ ദിനരാത്രങ്ങൾ തള്ളിനീക്കുന്നു.

# വ്യാജ യേശു



ഐ.എൻ.ആർ.ഐ. ക്രിസ്റ്റോ, വയസ് 66. താൻ യേശുവാണെന്നാണു ക്രിസ്റ്റോ പറയുന്നത്. അദ്ദേഹത്തിൽ വിശ്വസിക്കാനും ആളുകളുണ്ട്.

ക്രിസ്തുവിന്റെ കുരിശിൽ സ്ഥാപിച്ചെന്നു വിശ്വസിക്കുന്ന നസ്രായനായ യേശു, യഹൂദന്മാരുടെ രാജാവ് എന്നതിന്റെ ലത്തീൻ പരിഭാഷയുടെ ചുരുക്കപ്പേരായ ഐ.എൻ.ആർ.ഐ. എന്ന് അറിയപ്പെടാനാണു ക്രിസ്റ്റോയ്ക്കു താൽപര്യം.

അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ 1979ലാണു ക്രിസ്തുവാണു താനെന്ന ഉൾവിളി ഉണ്ടാകുന്നത്. പിന്നീട് ശിഷ്യരെത്തേടിയുള്ള യാത്രയായിരുന്നു. ചിലിയിലെ സാന്റിയാഗോയിൽ നിന്നായിരുന്നു തുടക്കം. ഫ്രാൻസ്, ഇറ്റലി തുടങ്ങി 27 രാജ്യങ്ങളിൽ വിശ്വാസപ്രചരണത്തിനായി അലഞ്ഞു. അമേരിക്കയും ബ്രിട്ടനും വെനസ്വലയും വിവാദ പരാമർശങ്ങളുടെ പേരിൽ ഇദ്ദേഹത്തെ പിടികൂടി നാടുകടത്തി. നാൽപതിലേറെ തവണ പ്രസംഗസ്ഥലങ്ങളിൽനിന്നും പോലീസ് പിടിച്ചുകൊണ്ടുപോയി. ഇപ്പോൾ ബ്രസീലിയ്ക്കു സമീപമുള്ള ഫാം ഹൗസിലാണു ക്രിസ്റ്റോയും അനുയായികളും താമസിക്കുന്നത്. സൗസ്റ്റ് എന്ന



സഭയും ഉണ്ടാക്കിയിട്ടുണ്ട്.

ക്രിസ്തുവിനെ അനുകരിച്ചാണു ക്രിസ്റ്റോയുടെ വസ്ത്രധാരണം. അനുയായികളിൽ ഭൂരിപക്ഷവും വനിതകളാണ്. ശിഷ്യകൾക്കായി പ്രത്യേക വേഷവിധാനവുമുണ്ട്. സ്വന്തം കൃഷിയിടങ്ങളിൽനിന്നാണ് ഇവർ ഭക്ഷണം കണ്ടെത്തുന്നത്.

ശത്രുക്കളിൽനിന്നുള്ള രക്ഷയ്ക്ക് ക്രിസ്റ്റോ പട്ടികളെ വളർത്തുന്നുണ്ട്.

ക്രിസ്റ്റോ മനോരോഗിയാണെന്നാണ് വിമർശകരുടെ നിലപാട്. ന്യൂക്ലിയർ യുദ്ധത്തിലൂടെ ഇല്ലാതാകുന്ന ലോകത്തുനിന്നും പുതിയതു സൃഷ്ടിക്കുകയാണു തന്റെ അവതാര ലക്ഷ്യമെന്നും ക്രിസ്റ്റോ പറയുന്നു.

ഒരു പുഴുവിനെപ്പോലും സൃഷ്ടിക്കാൻ കഴിയാത്ത, യേശു ആരായിരുന്നു എന്നുപോലും അറിയാത്ത മനോരോഗിയായ ഒരുവൻ പുതിയ ഭൂമി സൃഷ്ടിക്കുമെന്ന് പറഞ്ഞ് യേശുവിന്റെ വേഷം കെട്ടുമ്പോൾ അത് വിശ്വസിക്കുവാനും അയാളെ അനുഗമിയ്ക്കുവാനും ആളുകൾ ഉണ്ടാകുന്നു എന്നതിൽ വലിയ അത്ഭുതമൊന്നുമില്ല. അത്ഭുതങ്ങളുടെ പേരിൽ ജനത്തെ വഞ്ചിക്കുന്ന കൃപാവരപ്രാപ്തർക്കു പിന്നാലെയുണ്ടല്ലോ ആയിരങ്ങൾ.

# മാലാഖമാരുണ്ട് പക്ഷെ, ചിറകില്ല

“മാലാഖമാരുണ്ട്. എന്നാൽ അവർക്കു ചിറകില്ല, ശിശുരൂപികളുമല്ല.” -മാലാഖമാരെക്കുറിച്ചു ഗവേഷണം നടത്തുന്ന കത്തോലിക്കാ സഭയിലെ ഫാ. റെൻസോ ലാവേറ്ററുടേതാണു വിശദീകരണം. “നിങ്ങൾ എപ്പോഴും മാലാഖമാരെ കാണണമെന്നില്ല. എന്നാൽ അവരുടെ സാന്നിധ്യം അറിയാനാകും. അലങ്കാര പാത്രത്തിലൂടെ സൂര്യപ്രകാശം കടന്നുപോകുന്നതുപോലെയാണു മാലാഖമാർ നമ്മുടെ



ജീവിതത്തിലേക്കു വരിക.” -അദ്ദേഹം പറഞ്ഞു. മാലാഖമാരെക്കുറിച്ചു റോമിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രിസ്ത്യാനികൾ മാലാഖമാരെ ദൈവദൂതരായാണു കാണുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

മാലാഖമാർക്കു മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. യവന സംസ്കാരത്തിലാണു മാലാഖമാരെക്കുറിച്ച് ആദ്യ പരാമർശങ്ങളുള്ളത്. വെളിവുകേട് പറയുന്നതിനുമുമ്പ് ഗവേഷകർക്ക് വേദപുസ്തകം ഒന്നു വായിക്കാമായിരുന്നു (പുറ. 25:20; യെശ. 6:2,3).


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |



# നന്ദികേടും ചതിയും

‘ഉണ്ട ചോറിനു നന്ദി കാണിക്കുക’ എന്നത് ഏറെ അർഥവ്യാപ്തിയുള്ളൊരു അടിസ്ഥാന മര്യാദയാണ്. ‘പാലു കൊടുത്ത കൈയിൽ കടിക്കുക’ എന്ന പഴമൊഴിയും വലിയൊരു നന്ദികേട് ചൂണ്ടിക്കാട്ടുന്നു. ഇത്തരം നിരവധി പഴമൊഴികൾ നമ്മുടെ നാട്ടിൽ പ്രചാരത്തിലായതുതന്നെ നന്ദികേടിനോടും ചതിയോടും മലയാളിക്കുള്ള കടുത്ത വിരോധം മൂലമാവാം. സഹായിക്കുന്നവരോടും നന്മ ചെയ്യുന്നവരോടും നന്ദിയുള്ളവരായിരിക്കുക എന്നതു മനുഷ്യസ്വഭാവത്തിന്റെ സാമാന്യ ഭാവമാണ്. എന്നാൽ, നന്മ ചെയ്യുന്നവരോടു നന്ദിയില്ലാതിരിക്കുക മാത്രമല്ല, അവരോടു കൊടിയ ക്രൂരത കാണിക്കുകയും ചെയ്യുന്നവരുടെ എണ്ണം വർധിച്ചുവരികയാണ്. സമൂഹത്തെ ആകമാനം ഗ്രസിച്ചിരിക്കുന്നമൂല്യച്യുതിയുടെ ഒരു പ്രതിഫലനമാവാം ഇത്.

കാഞ്ഞിരപ്പള്ളിയിലെ കോഫിബാറിൽനിന്നു കാണാതായ ടോംജോസഫ് എന്ന യുവാവിനെ കൊലപ്പെടുത്തിയ കേസിന്റെ ചുരുളഴിഞ്ഞപ്പോൾ ഞെട്ടിക്കുന്ന നന്ദികേടിന്റെയും കൊടിയ ചതിയുടെയും കഥകളാണു വെളിപ്പെട്ടത്. ടോമിനെ കൊലപ്പെടുത്തിയ കേസിൽ മൂന്നു മാസത്തിനുശേഷം , സുഹൃത്തും ശാരീരിക വൈകല്യമുള്ളയാളുമായ ദീപുവും സഹായി വിക്രമുമാണു ആദ്യം പോലീസിന്റെ പിടിയിലായത്. മാംസപേശികളുടെ ബലക്കുറവുമൂലമുണ്ടാകുന്ന ‘മസ്കുലർ ഡിസ്ട്രോഫി’ എന്ന രോഗം ബാധിച്ചയാളാണു കേസിലെ പ്രധാന പ്രതി ദീപു. ആശുപത്രിയിൽ ചികിത്സയിൽ കഴിയവേ ടോമുമായി സൗഹൃദത്തിലായ ദീപു ആ സൗഹൃദത്തിന് ഒരു പവൻ സ്വർണത്തിന്റെ വിലപോലും കൽപിച്ചില്ല. ശാരീരിക വൈകല്യമുള്ള സുഹൃത്തിനു വേണ്ടി ഏറെ കാര്യങ്ങൾ ചെയ്തുകൊടുത്ത ടോമിനെ വിഷം നൽകി ബോധരഹിതനാക്കിയശേഷം പെട്രോളൊഴിച്ചു കത്തിച്ച ക്രൂരതയ്ക്ക് എന്തു വിശേഷണമാണു നൽകേണ്ടത്.

കാഞ്ഞിരപ്പള്ളിയിലെ യുവാവിനുണ്ടായ ദുരന്തം ഒറ്റപ്പെട്ട സംഭവമല്ല. കേരളത്തിൽത്തന്നെ ഇത്തരം നിരവധി സംഭവങ്ങൾ നടന്നിട്ടുണ്ട്. പകയും വൈരാഗ്യവും തീർക്കാൻ നടത്തുന്ന കൊലപാതകങ്ങൾ ഏറെയാണ്. എന്നാൽ, സൗഹൃദത്തോടെ ഒരുമിച്ചു കഴിയുകയും സ്വന്തം ആവശ്യങ്ങൾപോലും മാറ്റിവച്ചു സഹായിക്കുകയും ചെയ്തവരെ ചതിക്കുകയും വേണ്ടിവന്നാൽ കൊലപ്പെടുത്തുകയും ചെയ്യാൻ മടികാട്ടാത്ത മനോഭാവം മനുഷ്യത്വലേശമുള്ളതല്ല. ഇത്തരം ക്രൂരമനസുകളുള്ളവർ സമൂഹത്തിൽ ഏറിവരുമ്പോൾ അവരുടെ ഇരകളായിത്തീരുന്നവരേറെയും സാധുക്കളും നിർമലഹൃദയരുമാണെന്നതാണ് ഏറ്റവും ദൗർഭാഗ്യകരമായ കാര്യം.

തട്ടിപ്പിനും വെട്ടിപ്പിനും മലയാളിക്കു തെല്ലും മനഃസാക്ഷിക്കുത്തില്ലെന്നു തെളിയിക്കുന്ന എത്രയോ സംഭവങ്ങളാണു നമുക്കുചുറ്റും അരങ്ങേറുന്നത്. ജാമ്യം നിൽക്കുന്നവരെ ചതിക്കുക, കടം വാങ്ങിയ പണം തിരികെ നൽകാതിരിക്കുക, വാടകക്കെട്ടിടത്തിൽനിന്ന് ഒഴിഞ്ഞുകൊടുക്കാതിരിക്കുക, അയൽക്കാരനു നടക്കാനുള്ള വഴിപോലും തടസ്സപ്പെടുത്തുക തുടങ്ങി ചെറുതും വലുതുമായ നിരവധി മനുഷ്യത്വരഹിത സംഭവങ്ങൾ നമുക്കുചുറ്റും നടക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ വർധിച്ചുവരുമ്പോൾ, യഥാർഥ സൗഹൃദവും സ്നേഹവുമെല്ലാം വെറും മിഥ്യയാണെന്ന ധാരണ സമൂഹത്തിൽ വളരുന്നു.

തട്ടിപ്പും വെട്ടിപ്പും നടത്തിയാലും വേണ്ടില്ല, സുഖമായി ജീവിക്കണം എന്ന ചിന്താഗതി സമൂഹത്തിൽ വളർന്നുവരുന്നുണ്ട്. അവനവനാത്മസുഖത്തിനാചരിക്കുന്നവ അപരനു സുഖത്തിനായി വരേണമെന്നൊക്കെയുള്ള ആപ്തവാക്യങ്ങൾ കേട്ടിരുന്ന സമൂഹത്തിൽ ഇപ്പോൾ അവനവന്റെ സുഖത്തിന് എന്തും ചെയ്യാം എന്ന ചിന്താഗതി വളരുന്നതു ഞെട്ടലുണ്ടാക്കുന്നു. ധാർമിക ബോധം വളർത്തുന്നതിനു മാതാപിതാക്കളും അധ്യാപകരും കുട്ടികൾക്കു നൽകുന്ന മാർഗനിർദേശങ്ങൾ സുപ്രധാനമാണ്. കാലത്തിന്റെ മാറ്റത്തെ പഴിച്ചതുകൊണ്ടു കാര്യമില്ല. മാറുന്ന കാലത്തിനനുസരിച്ചും സമൂഹത്തെ സത്യത്തിലും നീതിയിലും ഉറപ്പിച്ചുനിർത്താനുള്ള ശക്തമായ ശ്രമങ്ങളുണ്ടാകണം. അതല്ലെങ്കിൽ പെട്ടെന്നാവും സമൂഹത്തിന്റെ തകർച്ച. അടിസ്ഥാനമൂല്യങ്ങൾ വെറും ആദർശമല്ലെന്നും അവ സമൂഹജീവിതത്തിനും വ്യക്തിപരമായ ജീവിതവിജയത്തിനും ആവശ്യമാണെന്നും കൊച്ചുക്ലാസുകളിലേ കുട്ടികളെ പഠിപ്പിക്കണം.

നീതിയും ന്യായവും മര്യാദയും സഹജീവി സ്നേഹവുമൊക്കെ പഠിപ്പിക്കുന്ന പാഠഭാഗങ്ങൾ പണ്ടു സ്കൂൾ തലത്തിലുണ്ടായിരുന്നു. പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇത്തരം വിഷയങ്ങൾക്കു വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. അവയുടെ സ്ഥാനത്തു മറ്റു വൈജ്ഞാനിക ശാഖകൾ കയറിപ്പറ്റിയിരിക്കുന്നു. വിജ്ഞാനത്തോടൊപ്പം വിവേകവും വളർത്തുന്ന ജീവിതസാഹചര്യം ഉണ്ടാകുമ്പോഴാണു സമൂഹത്തിനു മാന്യമായ നിലനിൽപ്പുണ്ടാവുക. കൊടും ക്രൂരകൃത്യം ചെയ്തവർക്കുപോലും വീരപരിവേഷം ലഭിക്കുന്ന കാലമാണിത്. സത്യം, നീതി എന്നിവ മുറുകെപിടിക്കുന്നവർ വിഡ്ഢികളായി കണക്കാക്കപ്പെടുന്നു. പക്ഷേ, അന്തിമവിജയം സത്യത്തിനും നീതിക്കുമാണെന്നു പുതിയ തലമുറ തിരിച്ചറിയുകതന്നെ വേണം. അത്തരം തിരിച്ചറിയലുകൾ സമൂഹത്തിനു നഷ്ടപ്പെടുമ്പോഴാണു കൊടുംക്രൂരകൃത്യങ്ങൾ സമൂഹത്തിൽ പതിവാകുന്നത്.

# നന്ദിയുള്ളവരാകാം



ഇംഗ്ലീഷ് ഭാഷയിൽ നോവലും കഥകളുമൊക്കെ എഴുതി അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയ ആറ് ഇന്ത്യാക്കാരിൽ ഒരാളാണു മുൽക്ക് ആനന്ദ്. ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്ന പെഷവാറിൽ ജനിച്ച അദ്ദേഹം ഉന്നത വിദ്യാഭ്യാസം നടത്തിയത് ഇംഗ്ലണ്ടിലായിരുന്നു. അദ്ദേഹം എഴുതിയ ചെറുകഥകളിൽ ഒരെണ്ണമാണു ‘ദ പ്രൈസ് ഓഫ് ബനാനാസ്’. വാഴപ്പഴത്തിന്റെ വില എന്നർത്ഥം വരുന്ന ഈ കഥയുടെ പശ്ചാത്തലം വടക്കേ ഇന്ത്യയിലെ ഫൈസാബാദ് റെയിൽവേ സ്റ്റേഷനാണ്.

ലക്നൗവിലേക്കുള്ള ട്രെയിനിലാണു കഥാകൃത്തിനു കയറേണ്ടിയിരുന്നത്. ട്രെയിൻ വന്നുനിന്നപ്പോൾപ്ലാറ്റ്ഫോമിൽ യാത്രക്കാരുടെ വലിയ തിരക്കായി. ആ സമയത്ത് ഒരു സാധു മനുഷ്യൻ പ്ലാറ്റ്ഫോമിൽ ഒരു മൂലയിൽ പൈപ്പിൽനിന്നു വെള്ളമെടുത്തു കുളിക്കുന്നുണ്ടായിരുന്നു. അയാൾ കുളിക്കുന്നതിനിടയിൽ പെട്ടെന്നു ഒരു കുരങ്ങുവന്ന് അയാളുടെ ഉടുതുണിയുമെടുത്ത് അടുത്തു നിന്ന വേപ്പുമരത്തിൽ ചാടിക്കയറി.

ആ സാധുമനുഷ്യൻ ഉടനെ തന്റെ ഉടുതുണി തിരികെത്തരണമെന്നു കുരങ്ങിനോടു യാചിച്ചു. അയാളുടെ യാചന കേട്ടിട്ടെന്നവണ്ണം കുരങ്ങ് ആ വൃദ്ധന്റെ ഉടുതുണി തിരികെ നൽകുകയും ചെയ്തു. ആ സമയത്താണു പണക്കാരനായ ഒരാൾ ഒരു കൂലിക്കാരനെക്കൊണ്ടു തന്റെ രണ്ടു വലിയ പെട്ടികളും എടുപ്പിച്ചുകൊണ്ടു ഫസ്റ്റ് ക്ലാസ് കമ്പാർട്ടുമെന്റിൽ കയറുവാൻ എത്തിയത്. ഉടനെതന്നെ യാത്രക്കാരുടെ ലിസ്റ്റിൽ തന്റെ പേരു കണ്ടുപിടിക്കാനായി അയാൾ ലിസ്റ്റിൽ കണ്ണോടിച്ചു.

ഈ സമയത്തു കമ്പാർട്ടുമെന്റിന്റെ മുകളിലിരുന്ന ഒരു കുരങ്ങ് വളരെ തന്ത്രപൂർവം ആ പണക്കാരനായ മനുഷ്യന്റെ തലയിലിരുന്ന തൊപ്പി കൈക്കലാക്കി. ചിത്രപണികൾകൊണ്ട് നിറഞ്ഞ് വിലപിടിപ്പുള്ള മനോഹരമായ ഒരു തൊപ്പിയായിരുന്നു അത്. കുരങ്ങ് തൊപ്പി തട്ടിയെടുത്തപ്പോൾ പണക്കാരൻ ആകെ പകച്ചുപോയി. അയാൾ  കുരങ്ങിന്റെ നേരെ കയർത്തു. എത്രയും വേഗം തൊപ്പി തിരികെ നൽകുവാൻ അയാൾ ആജ്ഞാപിച്ചു.

പക്ഷേ ആ കുരങ്ങിന് ഒരു കൂസലുമുണ്ടായില്ല. അവൻ തൊപ്പിയും കൈയിൽ പിടിച്ച് അടുത്തു നിന്ന വേപ്പുമരത്തിലേക്കു ചാടി. തൊപ്പി നഷ്ടപ്പെട്ടതുമൂലം കലിതുള്ളിയ പണക്കാരന്റെ ദയനീയസ്ഥിതി കണ്ടപ്പോൾ അവിടെ നിന്നിരുന്ന പഴക്കച്ചവടക്കാരന് അനുകമ്പ തോന്നി. അയാൾ ഉടനെ രണ്ടു പഴമെടുത്തു കുരങ്ങിനെ സമീപിച്ചു. തൊപ്പി തിരികെത്തന്നാൽ പഴം നൽകാമെന്നായിരുന്നു അയാളുടെ ഓഫർ.

കുരങ്ങ് ആദ്യം ഒരു പഴം വാങ്ങി. എന്നാൽ തൊപ്പി കൊടുത്തില്ല. പഴക്കച്ചവടക്കാരൻ രണ്ടാമത് ഒരു പഴംകൂടി നൽകിയപ്പോൾ കുരങ്ങ് അതുവാങ്ങി തൊപ്പി അയാൾക്കു കൊടുത്തു. അയാൾ ഉടനെ അത് ഉടമസ്ഥനായ പണക്കാരനെ ഏൽപിച്ചു. പണക്കാരൻ ഉടനെ ഒരു നന്ദിവാക്കുപോലും പറയാതെ തൊപ്പിവാങ്ങി പൊടിതട്ടിയിട്ട് അതു തലയിൽ വച്ചു കമ്പാർട്ടുമെന്റിലേക്കു കയറി.

അപ്പോൾ പഴക്കച്ചവടക്കാരൻ ഭവ്യതയോടെ പറഞ്ഞു: “സേഠ്ജി, ഞാൻ കുരങ്ങിനു കൊടുത്ത പഴത്തിന്റെ വിലയായ രണ്ട് അണ എനിക്കു തരൂ.”

“രണ്ട് അണയോ?” പണക്കാരൻ അയാളോടു ചോദിച്ചു. “എന്തിന്? താൻ എന്തു ചെയ്തിട്ടാ?” അപ്പോൾ അടുത്തിരുന്ന യാത്രക്കാരൻ പറഞ്ഞു: “അയാളുടെ പഴത്തിന്റെ വിലയെങ്കിലും കൊടുക്കൂ.” പണക്കാരൻ ചുറ്റും നോക്കി. താൻ എന്താണു ചെയ്യുവാൻ പോകുന്നതെന്നു ചുറ്റുമുള്ളവർ ശ്രദ്ധിക്കുന്നുണ്ടെന്നു മനസിലായപ്പോൾ അയാൾ പോക്കറ്റിൽ നിന്നും ഒരണ എടുത്ത പഴക്കച്ചവടക്കാരന്റെ നേരെ എറിഞ്ഞു.

ആ നാണയം കൈയിലെടുത്തുകൊണ്ടു പഴക്കച്ചവടക്കാരൻ പറഞ്ഞു: “സേഠ്ജി, പാവങ്ങളെ കൊള്ളയടിക്കരുത്. എനിക്കു പഴത്തിന്റെ വിലയെങ്കിലും തരൂ.” പണക്കാരന്റെ മറുപടി പെട്ടെന്നായിരുന്നു. അയാൾ പറഞ്ഞു: “കുരങ്ങിനെപ്പോലെ മറ്റുള്ളവരെ കൊള്ളയടിക്കുവാൻ നടക്കുന്നവർ! ഒരണയ്ക്കു രണ്ടു പഴം എവിടെയും കിട്ടും.”

അടുത്തിരുന്നവർ പറഞ്ഞിട്ടും ഒരണ കൂടി കൊടുക്കാൻ ആ പണക്കാരൻ തയാറായില്ല. ട്രെയിൻ ഓടിത്തുടങ്ങിയപ്പോൾ മറ്റുള്ളവർ കേൾക്കുവാൻ വേണ്ടി അയാൾ പറഞ്ഞു: “ഞാൻ അയാളോടു സഹായം ചോദിച്ചില്ലായിരുന്നല്ലോ. കുരങ്ങിനു പഴം കൊടുക്കുവാൻ ആരാണ് അയാളോടു പറഞ്ഞത്?”

1957–ലാണ് ഒരു രൂപയ്ക്കു നൂറു പൈസ എന്ന രീതി വന്നത്. അതിനു മുമ്പ് പതിനാറ് അണ ആയിരുന്നു ഒരു രൂപ. അമ്പതു പൈസ എന്നു പറയുന്നത് എട്ട് അണയും ഇരുപത്തഞ്ച് പൈസ എന്നു പറയുന്നത് നാലണയും. അപ്പോൾ ഒരു അണയുടെ മൂല്യം എന്തായിരുന്നുവെന്ന് ഊഹിക്കാമല്ലോ.

പണക്കാരനായ ഒരു മനുഷ്യനെ പാവപ്പെട്ടവനായ ഒരു മനുഷ്യൻ തനിക്കു സാധിക്കുന്ന രീതിയിൽ സഹായിച്ചപ്പോൾ എന്താണു സംഭവിച്ചത്? പണക്കാരൻ പാവപ്പെട്ടവനു നന്ദി പറഞ്ഞോ? ഇല്ല. നേരെ മറിച്ചു തന്നെ സഹായിക്കുവാൻ ചെന്നവനെ അയാൾ കുറ്റപ്പെടുത്തുകയാണു ചെയ്തത്? അതിന്റെ യഥാർത്ഥ കാരണമെന്തായിരുന്നു? തനിക്കു നഷ്ടം വരുമെന്ന ചിന്ത! തന്റെ രണ്ടണ നഷ്ടപ്പെടുന്നതിലുള്ള വിഷമം!

മുൽക്ക് രാജ് ആനന്ദിന്റെ ഈ കഥ വായിക്കുമ്പോൾ ഇതുപോലെയുള്ള മനുഷ്യരുണ്ടോയെന്നു നാം ചോദിച്ചേക്കാം. എന്നാൽ, ചിലപ്പോഴെങ്കിലും നാം ഈ കഥയിലെ സേഠുവിനെപ്പോലെയല്ലേ പെരുമാറുന്നതെന്നു പറയാൻ സാധിക്കുമോ? ഓരോരോ ആവശ്യങ്ങളിൽ നമ്മെ സഹായിക്കുവാൻ വരുന്നവരെ കുറ്റം പറയുവാൻ നാം ശ്രമിക്കാറില്ലേ. അവരുടെ സ്വാർഥലാഭത്തിനു വേണ്ടിയാണ് അവർ നമ്മെ സഹായിക്കുന്നത് എന്നായിരിക്കാം ചിലപ്പോൾ നമ്മുടെ ആക്ഷേപം. അല്ലെങ്കിൽ, വേണ്ടപോലെ അവർ നമ്മെ സഹായിച്ചില്ലെന്നായിരിക്കാം നമ്മുടെ പരാതി.

ദൈവത്തോടും മനുഷ്യരോടും നമുക്ക് നന്ദിയുള്ളവരായിരിക്കാം. അതുവഴി നമുക്കുണ്ടാകുന്ന നഷ്ടം യഥാർത്ഥത്തിൽ ലാഭമാണെന്ന അവബോധം നമുക്ക് എപ്പോഴും ഉണ്ടാകട്ടെ.




# അകത്തളങ്ങളിലെ ദുരന്തങ്ങൾ

നമ്മുടെ നാട്ടിലെ സ്കൂൾ വിദ്യാഭ്യാസം സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ വ്യാപിച്ചു കിടക്കുന്നതിനാൽ പല കാര്യത്തിലും വേണ്ടത്ര ഏകോപനം സാധ്യമല്ല. സ്റ്റേറ്റ് സിലബസും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പാഠ്യപദ്ധതികളും വ്യത്യസ്ത പാതകളിലുള്ളവയാണ്. പ്രഫഷണൽ കോളേജ് പ്രവേശന പരീക്ഷപോലുള്ളവയെ കേന്ദ്രീകരിച്ചുള്ള ഒരു വിദ്യാഭ്യാസരീതിയാണ് ഇപ്പോഴത്തേതെന്നു പറയാം. പഠനം കഴിഞ്ഞു മറ്റൊന്നിനും സ്കൂൾ കുട്ടികൾക്കു സമയം കിട്ടുന്നില്ലെന്നതാണു വാസ്തവം. അതുകൊണ്ടുതന്നെ പ്രായോഗിക ജീവിതത്തിൽ അവശ്യം വേണ്ട പല കഴിവുകളും അറിവുകളും ആർജിക്കാൻ അവർക്കു കഴിയാതെപോകുന്നു. സമൂഹജീവി എന്ന നിലയിൽ സ്വന്തമായ വ്യക്തിത്വം കരുപ്പിടിപ്പിക്കുക എന്ന അടിസ്ഥാന ആവശ്യം തീരെ അവഗണിക്കപ്പെടുകയാണ്.



പ്രീപ്രൈമറി വിദ്യാഭ്യാസ കാലഘട്ടത്തിൽ ലഭിക്കുന്ന സ്വാതന്ത്ര്യവും ഒഴിവുവേളകളും പ്രൈമറി ക്ലാസുകളിൽ എത്തുന്നതോടെ കുട്ടിക്കു നഷ്ടപ്പെടുന്നതായാണു കാണുന്നത്. വാസ്തവത്തിൽ, കുറേക്കൂടി വിശാലമായ ലോകത്തേക്ക് അവർ കടക്കേണ്ട ഘട്ടമാണിത്. പരിസ്ഥിതി സംരക്ഷണം, റോഡ് സുരക്ഷ, ആരോഗ്യസംരക്ഷണം, സാമൂഹ്യ മര്യാദകൾ, പൊതുമുതൽ സംരക്ഷണം, ദൈവ വിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ അവബോധം വളർത്തുന്ന പാഠ്യപദ്ധതിയാവണം പ്രീപ്രൈമറി തലത്തിൽനിന്നു വരുന്ന കുട്ടികൾക്കു ലഭിക്കേണ്ടത്. വ്യക്തിത്വ വികസനത്തിന്റെ ആദ്യപാഠങ്ങൾ കൂടിയാണിത്. ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഈ പ്രായത്തിൽ ആഭിമുഖ്യം സൃഷ്ടിക്കേണ്ടതുണ്ട്. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും സഹജീവികളോടുള്ള കരുതലും ചെറുപ്രായത്തിൽത്തന്നെ വളർത്താനുതകുന്ന പാഠ്യപദ്ധതികൾ അവരുടെ മനസിനെ ജീവിതാന്ത്യംവരെ സ്വാധീനിക്കാവുന്നതാണ്.

വളരെ ക്രിയാത്മകമായ ഈ നിർദ്ദേശങ്ങൾ അവയുടെ പ്രയോഗത്തിലാണു പലപ്പോഴും പാളിപ്പോകുന്നത്. അടിസ്ഥാന മൂല്യബോധവും ധാർമികബോധവും വളർത്താനുതകുന്ന പാഠഭാഗങ്ങൾക്കു പകരം വികലമായ ചില ആശയങ്ങളുടെ പ്രചാരണത്തിനുപോലും പാഠഭാഗങ്ങൾ ഉപയോഗിക്കുന്നതു കേരളം പലതവണ കണ്ടതാണ്. പിന്നീടു പ്രതിഷേധം ഉയരുമ്പോഴും അതിനെതിരെ പിടിച്ചുനിൽക്കാനാവാതെ വരുമ്പോഴുമാണു തിരുത്തലുകളെക്കുറിച്ചു ചിന്തിക്കുന്നത്. ഭരണത്തിലിരിക്കുന്നവരുടെയോ പാഠ്യപദ്ധതി തയാറാക്കുന്നവരുടെയോ വിശ്വാസങ്ങളോ ആദർശങ്ങളോ അല്ല പാഠപുസ്തകങ്ങളിൽ വരേണ്ടത്.



സെക്കൻഡറി സ്കൂൾ തലത്തിൽ പാഠ്യപദ്ധതിക്കു കുറേക്കൂടി വിശാലമായൊരു മാനം ആവശ്യമുള്ളതായി ചൂണ്ടിക്കാട്ടുന്നു. കൗമാരത്തിന്റെ പടിവാതിൽ കടന്നു യൗവനത്തിലേക്കു പ്രവേശിക്കുന്ന സുപ്രധാനമായ ഈ ഘട്ടത്തിൽ പഠനത്തിലും സാമൂഹിക ജീവിതത്തിലും വ്യക്തിജീവിതത്തിലുമൊക്കെ കുട്ടികൾക്കു വ്യക്തമായ മാർഗനിർദേശം ലഭ്യമാകേണ്ടതുണ്ട്. സന്തുലിതമല്ലാത്തതും സംസ്കാരത്തിനു നിരക്കാത്തതുമായ ആശയങ്ങൾ വിദ്യാർഥികളിൽ അടിച്ചേൽപ്പിക്കാൻ ബാഹ്യസമ്മർദങ്ങൾ ഈ ഘട്ടത്തിൽ ഉണ്ടാകും.

ചെറുപ്രായത്തിൽത്തന്നെ കൊലപാതകവും ബലാൽസംഗവും ഉൾപ്പെടെയുള്ള കുറ്റങ്ങളിൽ കുട്ടികൾ ഉൾപ്പെടുന്ന സംഭവങ്ങൾ വർധിച്ചുവരികയാണ്. 2012-ൽ വിവിധ കുറ്റകൃത്യങ്ങളിൽ 989 കുട്ടികളാണു സംസ്ഥാനത്ത് അറസ്റ്റിലായത്. 2013-ലാകട്ടെ സെപ്റ്റംബർ 30 വരെയുള്ള കണക്കനുസരിച്ച് അറസ്റ്റിലായ കുട്ടിക്കുറ്റവാളികളുടെ എണ്ണം 1450 ആണ്. ഇതിൽ 16 കുട്ടികൾ കൊലപാതകക്കേസുകളിലും 30 പേർ ബലാൽസംഗക്കേസുകളിലുമാണു പിടിയിലായത്. ഇവരിൽ ഭൂരിപക്ഷവും പതിനാറിനും പതിനെട്ടിനുമിടയ്ക്കു പ്രായമുള്ളവരാണ്. ഡൽഹി കൂട്ടബലാൽസംഗക്കേസിൽ, പ്രായപൂർത്തിയാകാത്തയാൾ പ്രതിയായതിനെത്തുടർന്ന് കുട്ടിക്കുറ്റവാളികളുടെ പ്രായപരിധി 16 വയസാക്കണമെന്ന ആവശ്യം ഉയരുന്നുണ്ട്.

കുട്ടിക്കുറ്റവാളികളിൽ പലരും മെച്ചപ്പെട്ട കുടുംബപശ്ചാത്തലത്തിൽ നിന്നുള്ളവരാണെന്നതും ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. 2012-ൽ കേരളത്തിൽ അറസ്റ്റിലായ 989 കുട്ടികളിൽ 898 പേർ രക്ഷിതാക്കൾക്കൊപ്പം വീടുകളിൽ കഴിയുന്നവരായിരുന്നു. 20 പേർ മാത്രമായിരുന്നു തെരുവിൽനിന്നുള്ളവർ. നമ്മുടെ ദുരന്തങ്ങൾ പലതും വീടുകളുടെ അകത്തളങ്ങളിൽനിന്നാണ് ഉത്ഭവിക്കുന്നതെന്ന വസ്തുത ഗൗരവതരമായ സാമൂഹ്യ ചിന്തയ്ക്കും ചർച്ചയ്ക്കും വിഷയമാകേണ്ടതാണ്.

## നുണ പറഞ്ഞാൽ



ഒരു സംഘം കോളേജ് വിദ്യാർത്ഥികൾക്ക് ജീവിതമൂല്യങ്ങളെപ്പറ്റി പറഞ്ഞുകൊടുക്കുകയായിരുന്നു പ്രൊഫ. ഹരിലാൽ.

"നിങ്ങൾ സത്യസന്ധരാകണം. വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പുലർത്തണം. നുണ പറയരുത്. നുണ പറയുന്നവൻ അബദ്ധത്തിൽ ചെന്നു ചാടും. ഇക്കാര്യം വ്യക്തമായി മനസ്സിലാക്കാൻ വേണ്ടി നിങ്ങളെല്ലാവരും നാളെ വരുമ്പോൾ സോക്രട്ടിസിന്റെ ആത്മകഥ ഒരു അദ്ധ്യായമെങ്കിലും വായിച്ചിട്ടു വരണം!"

എല്ലാവരും സമ്മതിച്ചു. പിറ്റേന്ന് കുട്ടികൾ ക്ലാസിൽ എത്തിയപ്പോൾ പ്രൊഫസ്സർ പറഞ്ഞു: "ഞാൻ പറഞ്ഞതനുസരിച്ച് സോക്രട്ടിസിന്റെ ആത്മകഥ കുറച്ചു പേരെങ്കിലും നോക്കിയിട്ടുണ്ടാവുമല്ലോ. വായിച്ചവർ ദയവായി കൈ ഉയർത്തുക!"

മിക്ക കുട്ടികളും കൈ ഉയർത്തി.

പ്രൊഫസ്സർ ചിരിയോടെ പറഞ്ഞു: "സോക്രട്ടീസ് ആത്മകഥ എഴുതിയിട്ടില്ല. ഞാൻ ഇന്നലെ പറഞ്ഞത് ഓർക്കുക. നുണ പറഞ്ഞാൽ അബദ്ധത്തിൽ ചെന്നു ചാടും."

## കേപ്സ്യൂൾ



ഒരു ദിവസം മെഡിക്കൽഷോപ്പിൽ എത്തിയ ഒരാൾ പറഞ്ഞു: "ഒരു പാക്കറ്റ് വിറ്റാമിൻ ക്യാപ്സ്യൂൾ!" ഇത് കേട്ട കടക്കാരൻ ചിരിച്ചു. "എടോ, അതിവിടില്ല. വേണേൽ വിറ്റെമിൻ കേപ്സ്യൂൾ തരാം!" ഇത് കേട്ട് അന്തംവിട്ടു നിന്നവരോട് കടക്കാരൻ പറഞ്ഞു: "ഇംഗ്ലീഷിൽ വിറ്റാമിൻ എന്നല്ല വിറ്റെമിൻ എന്നാ പറയാറ്. അതുപോലെ ക്യാപ്സ്യൂൾ അല്ല കേപ്സ്യൂൾ ആണ് ശരി."

## ഇൻവയൻമെന്റ്



ആരെ കണ്ടാലും അവരെ ഒന്ന് ഉപദേശിച്ചുവിടാൻ വർക്കിച്ചന് വലിയ ആവേശമാണ്. ഒരു ദിവസം കവലയിൽ നിൽക്കുമ്പോൾ ഒരാൾ ഒരു പ്ലാസ്റ്റിക് കവറിൽ സാധനങ്ങളുമായി വരുന്നു. വർക്കിച്ചൻ അയാളെ പിടിച്ചു നിർത്തി ഉപദേശിക്കാൻ തുടങ്ങി. "എടോ തനിക്കറിയില്ലേ പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് എൻവിയോൺമെന്റിന് ദോഷമാണെന്ന്?" വർക്കിച്ചന്റെ പറച്ചിൽ കേട്ട് അവിടെയുണ്ടായിരുന്ന ബാബുസാറിന് ചിരി അടക്കാനായില്ല. വർക്കിച്ചൻ പറഞ്ഞതൊക്കെ ശരിതന്നെ. പക്ഷേ, എൻവിയോൺമെന്റ് എന്നൊരു വാക്ക് ഇംഗ്ലീഷിൽ ഇല്ല. പരിസ്ഥിതി എന്ന് അർഥമുള്ള Environment എന്ന വാക്ക് ഇൻവയൻമെന്റ് എന്നാ ഉച്ചരിക്കേണ്ടത്!" അമളി മനസ്സിലാക്കിയ വർക്കിച്ചൻ അപ്പോൾ തന്നെ തടിയൂരി.



## പരീക്ഷ തോറ്റാൽ!

അപ്പുക്കുട്ടന് ഇംഗ്ലീഷ് പരീക്ഷയ്ക്ക് കിട്ടിയ മാർക്ക് വട്ടപ്പൂജ്യം. പ്രോഗ്രസ് കാർഡ് കണ്ട് അപ്പുക്കുട്ടന്റെ അച്ഛൻ ഞെട്ടി. "എടാ നിന്നെ ഞാൻ നല്ലോണം പഠിപ്പിച്ച് വിട്ടതല്ലേ? എന്നിട്ടും നീ എങ്ങനാടാ തോറ്റത്?" അച്ഛൻ ചോദിച്ചു. ഒട്ടും വൈകാതെ വന്നു അപ്പുക്കുട്ടന്റെ മറുപടി: "ഇംഗ്ലീഷൊക്കെ എനിക്ക് ഭയങ്കര ഈസിയാ. പക്ഷേ, എക്സാമിനേഷൻ കടുകട്ടിയായിരുന്നു. അതുകൊണ്ടാ ഞാൻ തോറ്റത്!" ഇതു കേട്ട് അച്ഛൻ ചിരിച്ചു. "എടാ മണ്ടാ, എക്സാമിനേഷൻ എന്നല്ല ഇഗ്സെമിനെയ്ഷൻ എന്നാ പറയേണ്ടത്!" അതോടെ അപ്പുക്കുട്ടൻ ബഡായി നിർത്തി പഠിക്കാൻ പുസ്തകം തുറന്നു.

# വിലാപങ്ങളെ നൃത്തമാക്കുന്ന ദൈവം



**ബാ**ബിലോണും യൂദയാ രാജ്യവും തമ്മിൽ ബി.സി. 601 മുതൽ 586 വരെ നിരന്തരമായ ഏറ്റുമുട്ടലുകൾ ഉണ്ടായി. ഒടുവിൽ നെബുഖദ്നേസർ ചക്രവർത്തി യരുശലേം ആക്രമിച്ച് കീഴടക്കി (ബി.സി. 586). യിസ്രായേൽ സൈന്യം ഓടി രക്ഷപെടുവാൻ ശ്രമിച്ചു. ആക്രമണത്തിൽ നിരവധി ആളുകൾ കൊല്ലപ്പെട്ടു. രാജാവിന്റെ പുത്രന്മാരെ തന്റെ കൺമുൻപിൽ വെട്ടിക്കൊന്നു. സിദെക്കിയാവിന്റെ കണ്ണുപൊട്ടിച്ച് ബന്ധനസ്ഥനായി ബാബിലോണിൽ കൊണ്ടുപോയി. പട്ടണ മതിലുകൾ ഇടിച്ചുനിരത്തി. നേതൃനിരയിലുള്ള യരുശേലം നിവാസികൾക്ക് ബാബിലോണിൽ പ്രവാസികളായി പോകേണ്ടിവന്നു. ബി.സി. 10-ാം നൂറ്റാണ്ടിൽ ശലോമോൻ പണിയിപ്പിച്ച യിസ്രായേൽ ജനത്തിന്റെ അഭിമാനമായിരുന്ന ദേവാലയവും പ്രധാന കെട്ടിടങ്ങളും ചുട്ടു ചാമ്പലാക്കി. ദേവാലയത്തിലെ വിലപ്പെട്ട സാധനങ്ങളെല്ലാം സൈന്യം എടുത്തുകൊണ്ടുപോയി. അതോടെ ജനതയുടെ സർവ്വപ്രതീക്ഷയും ചോർന്നുപോയി. യാതൊരു പ്രത്യാശയും ഇല്ലാത്തവരെപ്പോലെയായി അവർ.

യിസ്രായേൽ ജനത്തിന്റെ ഈ തീവ്രദുഃഖത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ് ബൈബിളിലെ വിലാപങ്ങൾ എന്ന പുസ്തകം. ത്രേനോയ് എന്ന വാക്കിന്റെ തർജ്ജിമയാണ് വിലാപങ്ങൾ. മനുഷ്യൻ തന്റെ കഷ്ടതയുടെ നടുവിൽ ദൈവസന്നിധിയിൽ നടത്തുന്ന പരിദേവനമാണ് വിലാപം. ഇത് വെറുമൊരു നിലവിളിയല്ല. അതിലുപരി ഇതൊരു പ്രാർത്ഥനയാണ്. ജനങ്ങൾ ദേവാലയത്തിൽ ഒന്നിച്ചുകൂടി വസ്ത്രം കീറി ഉപവസിച്ച് കണ്ണീർ പൊഴിച്ചുകൊണ്ട് കാഹളം ഊതും. ഇങ്ങനെയാണ് കഷ്ടതയുടെ പിടിയിലമർന്ന ജനം കരുണയ്ക്കായി ദൈവത്തോട് കെഞ്ചിയിരുന്നത്. ഭക്തർ ഈ വിലാപങ്ങളിൽ തങ്ങളുടെ ഹൃദയങ്ങളെ ദൈവമുമ്പാകെ പകരുകയാണ്.

മനം തകരുന്ന പശ്ചാത്തലത്തിൽ എഴുതപ്പെട്ട വിലാപങ്ങൾ എന്ന പുസ്തകത്തിലാണ് പ്രത്യാശയെക്കുറിച്ചുള്ള അതിമനോഹരമായ സന്ദേശം നാം വായിക്കുന്നത്. മനം തകരുന്നു എന്നു പറഞ്ഞതിനുശേഷം വിലാപങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: "....ഞാൻ ഒരു കാര്യം ഓർക്കുന്നു. അത് എനിക്ക് പ്രത്യാശ തരുന്നു" (3:21). എന്താണ് പ്രത്യാശ പകരുന്ന കാര്യം. അത് ഇതാണ്; കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നുമില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്. കർത്താവാണ് എന്റെ ഓഹരി. അവിടുന്നാണ് എന്റെ പ്രത്യാശ എന്നു ഞാൻ പറയുന്നു (3:22,24).

എല്ലാം നഷ്ടപ്പെട്ടെങ്കിലും പ്രത്യാശയ്ക്ക് കാരണമുണ്ടെന്നാണ് ദൈവവചനം പറയുന്നത്. ദൈവത്തിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല എന്നതും അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല എന്നതുമാണ് അതിന്റെ കാരണം. ദൈവത്തിന്റെ സ്നേഹവും കാരുണ്യവും ഓരോ പ്രഭാതത്തിലും പുതിയതാണ് എന്നതും പ്രത്യാശയ്ക്ക് കാരണമായി ദൈവവചനം ചൂണ്ടികാട്ടുന്നു. അതുപോലെ ദൈവം തന്നെയാണ് പ്രത്യാശയെന്നും എടുത്തുപറയുന്നുണ്ട്.

ജീവിതത്തിൽ പലപ്പോഴും ഒട്ടേറെ കഷ്ടനഷ്ടങ്ങൾ നമുക്ക് അനുഭവപ്പെടാറുണ്ട്. അപ്പോഴൊക്കെ നമ്മുടെ മനോഭാവം എന്താണ്? പ്രത്യാശ നശിച്ച മനുഷ്യരെപ്പോലെയാണോ നാം പെരുമാറുന്നത്? ദൈവത്തെ തള്ളിപ്പറയുകയാണോ നാം ചെയ്യുന്നത്? എന്നാൽ നമ്മുടെ കഷ്ടനഷ്ടങ്ങളിലും തകർച്ചയിലും ദൈവത്തിൽ പ്രത്യാശവയ്ക്കുവാൻ സാധിക്കുന്നെങ്കിൽ അവിടുത്തെ സ്നേഹവും കരുണയും ആവോളം നമുക്ക് അനുഭവിക്കുവാൻ സാധിക്കും. ജീവിതത്തിൽ ഉണ്ടാകുന്ന പരാജയങ്ങൾ വരാനിരിക്കുന്ന വിജയത്തിലേക്കുള്ള ചവിട്ടുപടികൾ മാത്രമാണെന്ന് നാം തിരിച്ചറിയണം. വേദനയിലും ദുഃഖത്തിലും ജീവിക്കുമ്പോൾ അനേക കാര്യങ്ങൾ നാം പഠിക്കുന്നു. കുശവൻ മണ്ണുകൊണ്ട് ഒരു പാത്രത്തിന് രൂപം നൽകുന്നു. അത് ചൂളയിൽ വച്ച് വേവിക്കുന്നു. ചൂളയിൽ വെന്ത മൺപാത്രം വിലയുള്ളതായി മാറുന്നു. തീച്ചൂള വിലയില്ലാത്ത മണ്ണിനെ വിലയുള്ളതാക്കി തീർക്കുന്നു. കഷ്ടതയാകുന്ന തീച്ചൂളയിൽകൂടെ നാം കടക്കുമ്പോൾ അത് നമ്മെ മാനപാത്രമാക്കി തീർക്കാനുള്ളതാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. കഷ്ടനഷ്ടങ്ങളിലൂടെ നമ്മുടെ പരാജയത്തിന്റെ കാരണങ്ങൾ ബോധ്യമാക്കിതന്ന് ഒരു തിരുത്തലിലൂടെ വിജയത്തിലേക്ക് നമ്മെ നയിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ട് ഏതു പ്രതിസന്ധിയിലും ദൈവത്തിൽ പ്രത്യാശവെയ്ക്കുക. സംരക്ഷണത്തിനും, പുനരുദ്ധാരണത്തിനും ദൈവത്തെ നോക്കി വിലപിക്കാനാണ് ദൈവവചനം ആവശ്യപ്പെടുന്നത്. വിലപിക്കുന്ന യാഥാർത്ഥ്യങ്ങളിൽ ദൈവം എപ്പോഴും സമീപസ്ഥനും പ്രാർത്ഥനയ്ക്ക് കാതോർത്തിരിക്കുന്നവനും വിടുതലിനായി പ്രവർത്തിക്കുന്നവനുമാണ്. വചനം പറയുന്നു, ഭയപ്പെടേണ്ട ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവമാകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. ഇനിയും പ്രതീക്ഷയ്ക്ക് വകയില്ലെന്ന് ലോകവും ബുദ്ധിയും നമ്മോട് പറയും. എന്നാൽ സാധ്യതകൾ അസ്തമിക്കുമ്പോഴും ദൈവത്തിൽ പ്രത്യാശ വയ്ക്കുന്നുവെങ്കിൽ നമുക്ക് അസാധ്യമായത് ദൈവം സാധിപ്പിച്ചുതരും. അവൻ നമ്മുടെ വിപാലങ്ങളെ നൃത്തമാക്കിതീർക്കും.




**വിലാപങ്ങളെ നൃത്തമാക്കുന്ന ദൈവം – ടി. എം. വർഗ്ഗീസ്**

ഭക്തന്മാർ വിലാപങ്ങളെ നൃത്തമാക്കിയത് എങ്ങനെയെന്ന് ജീവിതാനുഭവങ്ങളിലൂടെ വ്യക്തമാക്കി, വിപത്തുകളും പ്രതിസന്ധികളും ജീവിതത്തെ കീഴ്മേൽ മറിക്കുമ്പോൾ അതിനെ എങ്ങനെ നേരിടണമെന്ന് പഠിപ്പിക്കുന്ന ഗ്രന്ഥം. പുസ്തകം മാസികാ വിലാസത്തിൽ ലഭിക്കുന്നതാണ്.

# മരണത്തിനുമുമ്പ്



**എ**ലീന ഫ്രിംഗ്സിന് അന്നു മുപ്പതു വയസു തികഞ്ഞിട്ടില്ലായിരുന്നു. ജീവിതത്തെക്കുറിച്ചു മധുരിക്കുന്ന സ്വപ്നങ്ങൾ താലോലിച്ചുകൊണ്ടു നടക്കുന്ന കാലം. അപ്പോഴാണ് ഒരു ദിവസം വലിയ ശാരീരികാസ്വസ്ഥത അനുഭവപ്പെടുന്നത്. എലീന വേഗം വൈദ്യസഹായം തേടി.

തെക്കേ അമേരിക്കൻ രാജ്യമായ ചിലിയിലെ സാന്തിയാഗോ എന്ന പട്ടണത്തിലായിരുന്നു അവളുടെ താമസം. രാജ്യത്തിന്റെ തലസ്ഥാനമായ സാന്തിയാഗോയിൽ അവൾക്കു നല്ല പരിചരണം ലഭിച്ചു. പക്ഷേ, അവളെക്കുറിച്ചു ഡോക്ടർമാർക്കു വലിയ പ്രതീക്ഷയില്ലായിരുന്നു. കാരണം, അവളുടെ ഹൃദയം അത്രമാത്രം ബലഹീനമായിരുന്നു. ഏറിയാൽ ആറുമാസത്തെ ആയുസാണു ഡോക്ടർമാർ അവൾക്കു വിധിച്ചത്.

തനിക്ക് ആറുമാസത്തെ ആയുസു മാത്രമേയുള്ളു എന്നു കേട്ടപ്പോൾ അവൾ ഞെട്ടി. എങ്കിലും അവൾ പ്രതീക്ഷ കൈവെടിഞ്ഞില്ല. തന്റെ ഹൃദയത്തിന്റെ തകരാറു പരിഹരിക്കാമോ എന്ന് അവൾ വിദഗ്ധരായ വേറെ ഡോക്ടർമാരോടും അന്വേഷിച്ചു. പക്ഷേ, അവർക്കും അവളെ സഹായിക്കുവാൻ സാധിച്ചില്ല.

മരണത്തെ മുഖാമുഖം കാണുന്ന അവസരം. എന്തുചെയ്യണമെന്നറിയാതെ എലീന കുഴങ്ങി. മരണത്തിൽ നിന്നും ഓടിയൊളിക്കുക അസാധ്യമാണെന്ന് അവൾക്ക് അറിയാമായിരുന്നു. അങ്ങനെയെങ്കിൽ മരണത്തിനു ഒരുങ്ങുകതന്നെ എന്നവൾ തീരുമാനിച്ചു. അതിനുള്ള ആദ്യപടിയായി അവൾ ചെയ്തത് നല്ല ശമ്പളം ലഭിച്ചിരുന്ന ഓഫീസ് ജോലി രാജിവയ്ക്കുക എന്നുള്ളതായിരുന്നു.

എലീന ജോലി രാജിവച്ചകാര്യം കേട്ടപ്പോൾ ബന്ധുക്കളും പരിചയക്കാരുമൊക്കെ, അത്ഭുതസ്തബ്ദരായി. എന്നാൽ എലീനയുടെ അടുത്ത തീരുമാനമാണ് അവരെ കൂടുതൽ ഞെട്ടിച്ചത്. തന്റെ ശിഷ്ടായുസ് നഗരത്തിലെ ചേരിനിവാസികൾക്കിടയിലെ സേവനത്തിനുവേണ്ടി വിനിയോഗിക്കുക എന്നതായിരുന്നു ആ തീരുമാനം.

ബലഹീനമായ ഹൃദയവുമായി എലീനയ്ക്കു ചേരിയിൽ എങ്ങനെ സേവനം ചെയ്യുവാൻ സാധിക്കും? അവൾ വിശ്രമജീവിതം നയിക്കുകയല്ലേ വേണ്ടത്? അവളുടെ തീരുമാനത്തെക്കുറിച്ചു കേട്ടവർ പരസ്പരം ചോദിക്കുവാൻ തുടങ്ങി. ചിലർ അക്കാര്യം എലീനയോടു നേരിട്ടും ചോദിച്ചു.

അപ്പോൾ അവൾക്ക് ഒരു ഉത്തരം മാത്രമേ ഉണ്ടായിരുന്നുള്ളു. അവൾ പറഞ്ഞു: "ഞാൻ ഏതായാലും ഉടനെ മരിക്കും. അതിനിടയിൽ കുറേപ്പേർക്കെങ്കിലും നന്മ ചെയ്യുവാൻ സാധിച്ചാൽ എനിക്കു സന്തോഷത്തോടെ മരിക്കുവാൻ സാധിക്കും."

മരണത്തെ മുഖാമുഖം കണ്ടപ്പോഴാണു ജീവിതത്തിലെ കാതലായ കാര്യങ്ങളെക്കുറിച്ചു എലീന ഓർമിച്ചത്. അതുവരെ സമപ്രായക്കാരായ മറ്റുപലരെയും പോലെ സ്വന്തം കാര്യം നോക്കി നടക്കുകയായിരുന്നു അവൾ. എന്നാൽ. താൻ മരിക്കുവാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ അവൾ വേഗം തന്റെ ജീവിതത്തിന്റെ ബാലൻസ് ഷീറ്റിലേക്കു നോക്കി. നിത്യജീവന്റെ പുസ്തകത്തിൽ രേഖപ്പെടുത്തുവാൻ പറ്റുന്ന ഒന്നും തന്നെ അവൾ തന്റെ ജീവിതത്തിൽ കണ്ടില്ല. അങ്ങനെയാണ് അവശേഷിക്കുന്ന കാലമെങ്കിലും മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിനായി തന്റെ മുഴുവൻ സമയവും അവൾ മാറ്റിവച്ചത്.

നാം എത്രകാലം ജീവിച്ചിരിക്കുമെന്നോ, എപ്പോൾ മരിക്കുമെന്നോ നമുക്കാർക്കും പറയാനാവില്ല. എന്നാൽ വചനപ്രകാരം ജീവിച്ച് സ്വർഗ്ഗത്തിൽ നിക്ഷേപം ശേഖരിച്ചാൽ നമുക്ക് സന്തോഷത്തോടെ മരിക്കുവാൻ സാധിക്കുമെന്നതിൽ സംശയം വേണ്ട.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# കർത്താവിന്റെ അത്താഴത്തെ അവഹേളിക്കുന്ന കൃപാവര പ്രാപ്തർ

കൃപാവരപ്രാപ്തർ എന്ന ലേബലിൽ അത്ഭുതങ്ങളും അടയാളങ്ങളുമായി നടക്കുന്ന "കൃപയുടെ" വക്താക്കൾക്ക് വചനപരിജ്ഞാനം തീരെയില്ലായെന്ന് അവരുടെ പ്രവർത്തിയും പ്രസംഗങ്ങളും തെളിയിക്കുന്നു. അപ്പം നുറുക്കൽ അഥവാ തിരുവത്താഴത്തെ അവഹേളിയ്ക്കുന്ന രീതിയിലുള്ള അവരുടെ പ്രസംഗങ്ങൾ കേട്ടില്ലെന്നും കണ്ടില്ലെന്നും നടിക്കുവാൻ വേദാഭിമാനിയ്ക്കാവില്ല. വ്യക്തിപരമായ വിമർശനം ഒഴിവാക്കി വസ്തുതാപരമായി കാര്യങ്ങൾ വിശദീകരിക്കുന്നു. ഇതു സംബന്ധിച്ച ഉപദേശം എന്തെന്ന് വായിച്ചറിയുക.

സഭ ആചരിച്ചുവന്ന ദൈവീകമായ കൽപ്പനയാണ് അപ്പം നുറുക്കുക എന്നത് (അ.പ്ര. 2:42). കർതൃമേശ, തിരുവത്താഴം എന്നീ പേരുകളിലും 'അപ്പം നുറുക്കൽ അറിയപ്പെടുന്നുണ്ട്. ഇതു സംബന്ധിച്ച് ക്രിസ്തുവിന്റെ വാക്കുകൾ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക.' പിന്നെ അപ്പം എടുത്തു വാഴ്ത്തിനുറുക്കി അവർക്കു കൊടുത്തു. ഇതു നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം, എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവീൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും കൊടുത്തു. ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം ആകുന്നു (ലൂക്കോ. 22:19,20). 'മേശപ്പുറത്ത് ഒരുക്കിവെച്ച പാനപാത്രവും അപ്പവും' ആദിമ സഭയിലെ ആരാധനയിലെ സാധനപാഠങ്ങളായി മാറി. തന്റെ സഭയ്ക്ക് സഭാകാന്തനായ ക്രിസ്തു നൽകിയ ഈ അതിശ്രേഷ്ഠമായ ശുശ്രൂഷയെപ്പറ്റി പൗലോസിന് വെളിപ്പാടു ലഭിച്ചു. പൗലോസിന്റെ വാക്കുകൾ ഇവിടെ പകർത്താം: 'ഞാൻ കർത്താവിങ്കൽ നിന്ന് പ്രാപിക്കയും നിങ്ങൾക്ക് ഏല്പിക്കയും ചെയ്തതെന്തന്നാൽ; കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്ത് സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവീൻ എന്നുപറഞ്ഞു അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും എടുത്തു. ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു. ഇതു കുടിക്കുമ്പോഴൊക്കേയും എന്റെ ഓർമ്മയ്ക്കായി ചെയ്യുവീൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്യുവാൻ. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു. അനേകരും നിദ്രകൊള്ളുന്നു' (1 കൊരി. 11:23–30).



അപ്പം നുറുക്കൽ അഥവാ കർതൃമേശയെ സംബന്ധിച്ചുള്ള വ്യക്തമായ ഉപദേശമാണ് മുകളിൽ ഉദ്ധരിച്ച പൗലോസിന്റെ വാക്കുകളിൽ കാണുക. അവയിൽ നിന്നും മനസ്സിലാക്കേണ്ട ചില വസ്തുതകൾ ചുവടെ ചേർക്കുന്നു.

1) ഈ ശുശ്രൂഷ കർത്താവിങ്കൽ നിന്നും പ്രാപിച്ച് പൗലോസ് ദൈവസഭയ്ക്ക് ഏൽപ്പിച്ചുകൊടുത്തതാണ്.

2) ക്രിസ്തു കാണിച്ചുകൊടുത്ത് തന്റെ ഓർമ്മയ്ക്കായി ചെയ്യുവീൻ എന്ന് കൽപ്പിച്ചിട്ടുള്ളതാണ്.

3) ക്രിസ്തുവിന്റെ മരണത്തിന്റെ അനുസ്മരണയും പ്രസ്താവനയുമാണ്.

4) ക്രിസ്തുവിന്റെ പുതിയനിയമമാണ്.

5) കർത്താവിന്റെ പുനരാഗമനം വരെ ദൈവസഭ അനുഷ്ടിക്കേണ്ടതാണ്.

കർത്താവിന്റെ മേശ (1 കൊരി. 10:21), കർത്താവിന്റെ അത്താഴം (1 കൊരി. 11:20), അപ്പം നുറുക്കൽ (അ.പ്ര. 2:42) എന്നീ പേരുകളിൽ അറിയപ്പെടുന്ന ഈ ശുശ്രൂഷ ക്രിസ്തുവിന്റെ മരണത്തിന്റെ അനുമസ്മരണയും പ്രസ്താവനയുമാണ് വെളിപ്പെടുത്തുന്നത്. അല്ലാതെ ക്രിസ്തുവിന്റെ മരണത്തിന്റെ ആവർത്തനമല്ല. ഈ ശുശ്രൂഷ പാപമോചനത്തിനു വേണ്ടിയുള്ളതല്ല; പാപം മോചിച്ചു കിട്ടിയവർ അനുഷ്ഠിക്കേണ്ട കല്പനയാണ്. രക്ഷിക്കപ്പെട്ട്, സ്നാനമേറ്റ്, അപ്പോസ്തോലന്മാരോടു ചേർന്ന്, അവരുടെ ഉപദേശം കേട്ട്, കൂട്ടായ്മ ആചരിക്കുന്നവർക്കുള്ള ദൈവീക അനുഷ്ഠാനമാണ് 'അപ്പം നുറുക്കൽ.' ആദിമ സഭ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കുന്നതിനായി കൂടിവന്നു (അ.പ്ര. 20:7). ഇന്നത്തെ സഭയും ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അപ്പം നുറുക്കുന്നതിനായി കൂടിവരണം. സഭയിൽ അംഗങ്ങൾ കുറച്ചായാലും കൂടുതലായാലും ഒരപ്പമേ ഉപയോഗിക്കാവൂ (1 കൊരി. 10:17). അപ്പം ക്രിസ്തുവിന്റെ ശരീരത്തെ കാണിക്കുന്നു. ക്രിസ്തുവിന് ഒരു ശരീരമേയുള്ളൂ. ആകയാൽ ഒരു അപ്പം മാത്രമേ നുറുക്കുവാൻ പാടുള്ളൂ. പലരായ നാം ഒരു ശരീരമാകുന്നു, സഭ ക്രിസ്തുവിന്റെ ശരീരമാണ്. അപ്പം നുറുക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയാണ് സാധിക്കുന്നത്. പാനപാത്രവും ഒന്നായിരിക്കണം. ആദ്യം അപ്പം നുറുക്കുകയും അതിൽനിന്ന് ഓരോരുത്തരും ഭക്ഷിക്കയും പിന്നീട് പാനപാത്രത്തിൽ നിന്ന് ഓരോരുത്തരും കുടിക്കയും വേണം. 'നാം നുറുക്കുന്ന അപ്പം' (1 കൊരി. 10:16). 'നാം അനുഗ്രഹിക്കുന്ന പാനപാത്രം' (10:16) എന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത്: 'നാം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് സഭ' എന്നാണ്. 'സഭ' യാണ് അപ്പം നുറുക്കുന്നത്. ഇവിടെ അപ്പം നുറുക്കുന്നതിന് പ്രത്യേക പദവിയുള്ള ഒരു കാർമ്മികനില്ല. ദൈവാത്മാവിന്റെ നിയോഗമുള്ള ശുശ്രൂഷകൻ അപ്പം നുറുക്കുന്നു, തുടർന്ന് അടുത്ത ആൾക്ക് നൽകുന്നു. അങ്ങനെ എല്ലാവരും 'അപ്പത്തിൽ പങ്കാളികളാകുന്നു' ഒരർത്ഥത്തിൽ എല്ലാവരും അപ്പം നുറുക്കുകയാണ് ചെയ്യുന്നത്. 'ഇതു വാങ്ങി പങ്കിട്ടുകൊൾവിൻ' എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത് (ലൂക്കോ. 22:17). ഒരാൾക്ക് പകുത്ത് കൊടുക്കുകയല്ല; ഓരോരുത്തരും പങ്കിട്ടെടുക്കുകയാണ്.

'കർത്താവിന്റെ മേശയ്ക്കരുകിലിരുന്ന് വീണ്ടെടുക്കപ്പെട്ട ദൈവജനം അവരുടെ വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ മരണത്തെ അനുസ്മരിക്കുന്നു; ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചുള്ള അനുസ്മരണകളാണ് അവിടെ നടക്കേണ്ടത്. 'അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ' എന്ന സ്തോത്ര സ്വരമാണ് വിശ്വാസികളുടെ ഹൃദയങ്ങളിൽ നിന്നും ഉയരേണ്ടത്. പുത്രനായ ക്രിസ്തുയേശുവിലൂടെ പരിശുദ്ധാത്മ നിറവിൽ പിതാവായ ദൈവത്തെ മഹത്വപ്പെടുത്താൻ ഇതിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഇടയാകണം.

കർത്താവായ യേശു സ്ഥാപിച്ചതും (ലൂക്കോ. 22:19,20), തന്റെ ഓർമ്മയ്ക്കായി ചെയ്യണമെന്ന് കൽപ്പിച്ചിട്ടുള്ളതും (ലൂക്കോ. 22:19), ആദിമസഭയും അപ്പോസ്തലന്മാരും അനുഷ്ഠിച്ചിട്ടുള്ളതും (അ.പ്ര. 2:42, 20:7), ശ്ലീഹന്മാർ സഭകൾക്ക് ഏല്പിച്ചുകൊടുക്കയും (1 കൊരി. 11:23) ചെയ്തതുമായ ഈ ദിവ്യ അനുഷ്ഠാനത്തിൽ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് കർത്താവായ യേശുവിന്റെ ശരീരമായ സഭയോടു കൂട്ടായ്മ (1 കൊരി. 10:16), ഉള്ളവർക്കു മാത്രമെ ബന്ധപ്പെടാനവകാശമുള്ളൂ.

# കർത്താവിന്റെ അത്താഴമെന്ന ശുശ്രൂഷ



കർത്താവിന്റെ അത്താഴം എന്നു പറയുമ്പോൾ കർത്താവ് ആതിഥേയനും നാം അതിഥികളും എന്നർത്ഥം. വിശുദ്ധ പൗലൊസ് കൊരിന്ത്യർക്കു എഴുതിയ ലേഖനം എ.ഡി. 50നും 55നും ഇടയ്ക്ക് എഴുതിയിട്ടുള്ളതാണ്. ഇവിടെ അപ്പൊസ്തലൻ കർത്താവിന്റെ അത്താഴമെന്ന ശുശ്രൂഷയെക്കുറിച്ച് എഴുതുന്നത് തനിക്ക് നേരിട്ടു ലഭിച്ച വെളിപ്പാടിൽ നിന്നാണ്. 1 കൊരി. 10 -ാം അദ്ധ്യായത്തിൽ വിഗ്രഹാരാധനയ്ക്ക് എതിരായി മുന്നറിയിപ്പ് കൊടുക്കുന്നു. വിഗ്രഹാരാധന ക്രിസ്തീയ വിശ്വാസത്തിന് കനത്ത ഒരാഘാതമാണ്. ദൈവത്തിന്റെ സ്ഥാനത്തു മറ്റു യാതൊന്നിനേയും പ്രതിഷ്ഠിക്കുവാൻ പാടില്ല. വിഗ്രഹാരാധനയിൽ പങ്കെടുക്കുന്നവർ വിഗ്രഹത്തോടുള്ള കൂട്ടായ്മ ആചരിക്കുകയാണ്. അതുകൊണ്ട് അപ്പൊസ്തലൻ കൊരിന്ത്യരോടു വിഗ്രഹാരാധന വിട്ടോടുവിൻ എന്നപേക്ഷിക്കുന്നു.

കൊരിന്തു സഭയിൽ കർത്താവിന്റെ അത്താഴമെന്ന ശുശ്രൂഷ ആചരിക്കുന്ന അവസരത്തിൽ ജനങ്ങൾ എല്ലാവരും ചേർന്നു കൂട്ടായ്മയ്ക്കു വേണ്ടി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന പതിവുണ്ടായിരുന്നു. കർത്താവിന്റെ അത്താഴമെന്ന ശുശ്രൂഷയ്ക്കു മുമ്പോ പിമ്പോ ഇങ്ങനെ ഭക്ഷണം കഴിച്ചു വന്നിരുന്നു. അവർ ആഹാരസാധനങ്ങൾ ഒരുപോലെ പങ്കിട്ടെടുക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്തിരുന്നു. ആദ്യകാലത്തു സഭയുടെ പൊതുമുതലിൽ നിന്നാണ് ആഹാരസാധനങ്ങൾക്കുവേണ്ട പണം ചെലവഴിച്ചിരുന്നത്. പിന്നീട് ജനങ്ങൾ ഭവനങ്ങളിൽ നിന്ന് ആഹാരസാധനങ്ങൾ കൊണ്ടുവന്ന് പങ്കിട്ടെടുക്കുവാൻ തുടങ്ങി. എന്നാൽ ക്രമേണ ഈ ഐക്യത്തിനും കൂട്ടായ്മയ്ക്കും കോട്ടം തട്ടി. ഭക്ഷണകാര്യങ്ങളിൽ പോലും ഭിന്നത ഉണ്ടായി. അതായത് വീടുകളിൽ നിന്നു കൊണ്ടുവരുന്ന ഭക്ഷണ സാധനങ്ങൾ അതു കൊണ്ടുവരുന്ന ആളുകൾ തന്നെ ഭക്ഷിക്കാൻ തുടങ്ങി. ആഹാരസാധനങ്ങൾ കൊണ്ടുവരാൻ നിവർത്തിയില്ലാത്തവരെ മറ്റുള്ളവർ ഉപേക്ഷിച്ചുകളഞ്ഞു. അങ്ങനെ ഒരുവൻ വിശന്നും മറ്റൊരുവൻ തൃപ്തനായിരിക്കുന്നതും കണ്ടിട്ടു അപ്പൊസ്തലൻ ചോദിക്കുന്നു: "തിന്നുവാനും കുടിപ്പാനും നിങ്ങൾക്ക് വീടുകളില്ലയോ?" അതുകൊണ്ട് കർത്താവിന്റെ അത്താഴമെന്ന ശുശ്രൂഷയുടെ അർത്ഥം എന്തെന്നു കൊരിന്ത്യരെ മനസ്സിലാക്കേണ്ടത് ആവശ്യമായിവന്നു.

"നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ"? മർമ്മപ്രധാനമായ ഒരാശയം വ്യക്തമാക്കുവാൻ കർത്താവ് വളരെ അസാധാരണമായ വസ്തു തെരഞ്ഞെടുത്തു, നാം ഭക്ഷിക്കുന്ന അപ്പം. നാം ഭക്ഷിക്കുന്ന അപ്പം കർത്താവിന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്നു. ഇവിടെ ആത്മീകമായ ബന്ധത്തെയും കൂട്ടായ്മയേയുമാണ് എടുത്തു കാണിക്കുന്നത്. തിരുമേശയിലേക്ക് അടുത്തുവരുന്ന വിശ്വാസികൾ കർത്താവിനോടുള്ള കൂട്ടായ്മ ആചരിക്കുന്നു. നാം തിരുമേശയിൽ പങ്കെടുക്കുമ്പോൾ കർത്താവിനോടുള്ള ബന്ധം പുതുക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഒന്നാമതായി ഇത് ദൈവവും മനുഷ്യനുമായുള്ള കൂട്ടായ്മ അല്ലെങ്കിൽ ബന്ധത്തെ കാണിക്കുന്നു. അതുപോലെതന്നെ ഇത് വിശ്വാസികൾ തമ്മിൽ തമ്മിലുള്ള കൂട്ടായ്മ ആകുന്നു. നാം കഴിഞ്ഞ കാലത്ത് ജീവിച്ചു മരിച്ച കർത്താവിനോടല്ല, ഉയിർത്തെഴുന്നേറ്റ് ഇന്നും നമ്മോടുകൂടെ ജീവിക്കുന്ന കർത്താവിനോടുള്ള കൂട്ടായ്മ അനുഭവിക്കുകയാകുന്നു. അതായത് ഈ ശുശ്രൂഷ ഭൂതകാല സംഭവത്തെ വർത്തമാനകാല സംഭവമാക്കിത്തീർക്കുന്നു. യേശുക്രിസ്തു ഇന്നും ജീവിക്കുന്നു എന്നും അവന്റെ ശരീരത്താലും രക്തത്താലും അല്ലെങ്കിൽ യേശുക്രിസ്തു എന്ന ⇨ 6

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




# ദേണ്ടെ! പിന്നേം വിവരക്കേട്

തമോഗർത്തങ്ങൾ (ബ്ലായ്ക്ക് ഹോൾ) ഇല്ലെന്നു സ്റ്റീഫൻ ഹോക്കിംഗ്. പ്രകാശത്തെപ്പോലും കടത്തിവിടാത്ത തമോഗർത്തങ്ങൾ പ്രപഞ്ചത്തിലെ ഒട്ടുമിക്ക നക്ഷത്രസമൂഹ (ഗാലക്സി)ങ്ങളിലും ഉണ്ടെന്നാണു ഭൗതികശാസ്ത്രം പറയുന്നത്. ഇവയെപ്പറ്റിയുള്ള സിദ്ധാന്തങ്ങളും ഇവയിൽ പ്രസക്തമായ ഭൗതികശാസ്ത്രനിയമങ്ങളും തയാറാക്കിയതു ഹോക്കിംഗാണ്. ഇപ്പോൾ അദ്ദേഹം പറയുന്നത് തമോഗർത്തങ്ങൾ മുമ്പു കരുതിയതുപോലെ ഒന്നും പുറത്തേക്കു വിടാത്ത പ്രപഞ്ചഭാഗമല്ല എന്നാണ്. അവയിൽ നിന്ന് ഊർജവും വിവരങ്ങളും പുറത്തുവരുമെന്നു ക്വാണ്ടം ഭൗതികത്തിന്റെ സഹായത്തോടെ ഹോക്കിംഗ് സ്ഥാപിക്കുന്നു. നേച്ചർ മാസികയാണ് ഇക്കാര്യം പുറത്തുവിട്ടത്. ആൽബർട്ട് ഐൻസ്റ്റൈന്റെ പൊതു ആപേക്ഷികസിദ്ധാന്തമാണ് തമോഗർത്ത സാധ്യതയിലേക്കു വിരൽ ചൂണ്ടിയത്. 1916ലായിരുന്നു ഇത്. തുടർന്നുള്ള വർഷങ്ങളിൽ ഭാരതീയനായ സുബ്രഹ്മണ്യം ചന്ദ്രശേഖർ അടക്കമുള്ളവർ ഇതേപ്പറ്റി കൂടുതൽ നിഗമനങ്ങളിലെത്തി.



1964ലാണ് ബ്ലായ്ക്ക് ഹോൾ എന്ന വാക്ക് രൂപപ്പെട്ടത്. സ്റ്റീഫൻ ഹോക്കിംഗാണ് ബ്ലായ്ക്ക് ഹോൾ തെർമോഡൈനാമിക്സ് അവതരിപ്പിക്കുന്നതിനു നേതൃത്വം നൽകി തമോഗർത്തങ്ങളുടെ പ്രവർത്തനം വിശദീകരിച്ചത്.



കാലാകാലങ്ങളിൽ തിരുത്തപ്പെടുന്ന വാസ്തവവിരുദ്ധമായ കാര്യങ്ങൾ ശാസ്ത്രസിദ്ധാന്തമായി എഴുന്നെള്ളിക്കുന്നവർ പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുപറയുന്ന കാര്യങ്ങൾ എങ്ങനെ അംഗീകരിക്കാനാകും. ദൈവത്തോടു മത്സരിച്ച ജനത്തിന്റെ ഭാഷ ദൈവം കലക്കി കളഞ്ഞതുപോലെ സൃഷ്ടി രഹസ്യം വെളിപ്പെടുത്താനിറങ്ങിതിരിച്ചിരിക്കുന്നവരുടെ സിദ്ധാന്തങ്ങൾ പാഴായും ശൂന്യമായും പോകുന്നത് ഒരു ചരിത്രാവർത്തനമായി കാണേണ്ടതാണ്.



# കർത്താവിന്റെ അത്താഴമെന്ന ശുശ്രൂഷ

(5-ാം പേജ് തുടർച്ച)

പൂർണ്ണ മനുഷ്യൻ മുഖേനയാണ് രക്ഷിക്കപ്പെട്ടതെന്നും നമ്മെ ഓർപ്പിക്കുന്നു. സ്നാനം ക്രസ്തുവിന്റെ ശരീരം എന്ന സഭയിലേക്കുള്ള പ്രവേശനത്തിന്റെ ആദ്യപടി ആയിരിക്കുന്നതുപോലെ ക്രിസ്തുവിനോടുള്ള യഥാർത്ഥ ബന്ധത്തിൽ ജീവിക്കുന്നു എന്നു വ്യക്തമാക്കുന്നത് ഈ ദിവ്യാനുഷ്ടാനത്തോടുകൂടിയാണ്.

ഈ ശുശ്രൂഷ പലരായിരിക്കുന്ന നാം ഒന്നാകുന്നു എന്നു വ്യക്തമാക്കുന്നു. അപ്പത്തിനു പ്രാധാന്യം നൽകുന്നത് ക്രിസ്തുവിലുള്ള ഐക്യത്തെ കാണിക്കുന്നു. "അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരമാകുന്നു." സാഹോദര്യത്തിന്റെ അപ്പമാണ് നാം അർപ്പിക്കുന്ന അപ്പം. അതു കൂടിവരുന്ന സഹവിശ്വാസികളെയും ക്രിസ്തീയ സഭയാകുന്ന വലിയ കൂട്ടത്തെയും സകല മനുഷ്യവർഗ്ഗത്തെയും ഉൾക്കൊള്ളുന്നു. ഈ അപ്പം മൂലം നമ്മുടെ ഹൃദയത്തിലേക്കു എല്ലാ മാനുഷിക യാഥാർത്ഥ്യങ്ങളെയും നാം സ്വീകരിക്കുകയും എല്ലാവരേയും ഓർക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. "നിങ്ങളുടെ പാപങ്ങളെക്കുറിച്ച് നേരായും താല്പര്യമായും മാനസാന്തരപ്പെട്ട്, നിങ്ങളുടെ സഹോദരവർഗ്ഗത്തോട് പ്രിയവും സ്നേഹവുമായിരുന്ന്, ദൈവത്തിന്റെ കല്പനകളെ അനുസരിച്ചുകൊണ്ടും, മേലാൽ അവന്റെ വിശുദ്ധ വഴികളിൽകൂടെ നടന്നുകൊണ്ടും പുതിയ ജീവിതം നയിക്കുവാൻ നിശ്ചയിച്ചുകൊണ്ടും വേണം തിരുമേശയിങ്കലേക്ക് വരുവാൻ. ദൗത്യനിർവ്വഹണത്തിനുവേണ്ടിയുള്ള ഐക്യം സഭയിൽ ഉണ്ടായിരിക്കണം. യേശുക്രിസ്തുവിൽ നാം ഒന്നാണ്. ഈ ഐക്യം നമ്മുടെ സഭാ ജീവിതത്തിൽ പ്രകടമാക്കി കാണിക്കണം.

ഇത് ഒരു ഓർമ്മകൂടിയാകുന്നു. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ." ഇവിടെ നാം നമ്മുടെ രക്ഷകനാകുന്ന യേശുവിനെ അഥവാ അവൻ മരിച്ചതു നമ്മെ രക്ഷിക്കുന്നതിനുവേണ്ടിയാകുന്നു എന്നു ഓർക്കുന്നു. ഈ ശുശ്രൂഷയിൽ നാം നമ്മുടെ കർത്താവിന്റെ മരണം ഓർക്കുന്നു. അവന്റെ മഹത്വീകരിക്കപ്പെട്ട ശരീരമല്ല, അവൻ നുറുക്കിയ ശരീരവും അവൻ ചൊരിഞ്ഞ രക്തവുമാകുന്നു നാം ഓർക്കുന്നത്. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാടിന്റെ പരമായാഗത്തെ ഓർക്കുന്നു. ഈ ഓർമ്മയോടൊപ്പം ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നവർ കർത്താവിന്റെ കഷ്ടപ്പാടിലും മരണത്തിലും പങ്കാളികളാകുന്നു.

'ഇതു എന്റെ ശരീരം' എന്നു പറഞ്ഞ് കർത്താവ് തന്നെത്തന്നെ മുഴുവനായി സമർപ്പിക്കുന്നു. എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്വീൻ എന്നു കല്പിക്കുമ്പോൾ താൻ തന്നെത്തന്നെ ലോകത്തിനുവേണ്ടി നുറുക്കിയതുപോലെ മറ്റുള്ളവർക്കുവേണ്ടി വേർതിരിക്കപ്പെടുവാൻ, നൽകപ്പെടുവാൻ, നുറുക്കപ്പെടുവാൻ മറ്റുള്ളവരെ സ്നേഹിപ്പാൻ നമ്മോടും ആവശ്യപ്പെടുന്നു. നുറുക്കിയെങ്കിൽ മാത്രമേ വിഭാഗിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ. നുറുക്കിയപ്പോൾ വർദ്ധിച്ചു. പങ്കിട്ടാൽ വർദ്ധിക്കും. സഭ ശേഖരിക്കുകയും നുറുക്കി വിഭാഗിക്കുകയും ചെയ്യണം.

പണ്ടൊരിക്കൽ ജീവിച്ച ഒരാളിന്റെ ഓർമ്മയല്ല നാം കൊണ്ടാടുന്നത്. ഉയിർത്തെഴുന്നേറ്റ് ഇന്നും നമ്മോടുകൂടെ ജീവിക്കുന്ന കർത്താവിന്റെ സാന്നിദ്ധ്യമാണ് നമ്മോടുകൂടെയുള്ളത്. നാം അനുഭവമാക്കേണ്ട വ്യക്തിയാണ് യേശു. അതുകൊണ്ട് ഈ ശുശ്രൂഷ വെറുമൊരു ഓർമ്മ മാത്രമല്ല. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടുകയാണ് ഈ ശുശ്രൂഷയിൽ. യേശുക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തനത്തിന്റെ പ്രയോജനം അനുഭവപ്പെടുത്തണം എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള കൂട്ടിമുട്ടൽ ആകുന്നു വിശുദ്ധസംസർഗ്ഗ ശുശ്രൂഷ.

ക്രിസ്തീയ വിശ്വാസമെന്നത് ക്രൂശിക്കപ്പെട്ട കർത്താവിലുള്ള വിശ്വാസമാണ്. അതുകൊണ്ട് കർത്താവിന്റെ പരമയാഗത്തെ അംഗീകരിച്ച്, വിശ്വാസത്താൽ കർത്താവിന്റെ ശരീരത്തോടു ഏകീഭവിച്ചവരാണ് നിത്യജീവനു അവകാശികൾ. ഓരോ പ്രാവശ്യവും നാം വിശുദ്ധ സംസർഗ്ഗത്തിൽ പങ്കെടുക്കുമ്പോൾ അവനോടുകൂടെ ജീവിക്കേണ്ടതിനു നാമും അവനോടുകൂടെ ക്രൂശിക്കപ്പെടുന്നെന്നും, അവൻ നമ്മിൽ വസിക്കുന്നതിനാൽ നാം അവനിൽ വസിക്കുന്നു എന്നും അവന്റെ മരണം നമുക്കു ജീവൻനേടിത്തരുവാനുള്ളതാകുന്നു എന്നും നമ്മെ അനുസ്മരിപ്പിക്കുന്നു.

ഇത് വരുവാനുള്ള പുതിയയുഗത്തിന്റെ അനുഗ്രഹങ്ങളുടെ പ്രത്യാശ നമ്മിലുളവാക്കുന്നു. കർത്താവിന്റെ മരണത്തെ പ്രഖ്യാപിക്കുന്നു എങ്കിൽ അത് അവന്റെ പുനരുത്ഥാനത്തിന്റെയും സാക്ഷ്യമാകുന്നു. ആകയാൽ തികഞ്ഞ സ്നേഹത്തോടും ഭയത്തോടും മാനസാന്തര അനുഭവത്തിൽ കല്പനകൾ അനുസരിച്ച് വിശുദ്ധ വഴികളിൽ നടന്ന് സ്നേഹമാചരിക്കുന്നവർ കർത്താവിനെ മുഖാമുഖമായി കാണുന്നുവെന്നും കർത്താവിന്റെ മരണത്തോട് ഏകീഭവിക്കുന്നെന്നും ദൈവത്തോടും സഹവിശ്വാസികളോടും കൂട്ടായ്മ ആചരിക്കുന്നുവെന്നുമുള്ള ചിന്തയോടുകൂടിയുമായിരിക്കണം നാം കർത്താവിന്റെ അത്താഴമെന്ന ശുശ്രൂഷയിൽ പങ്കെടുക്കുകയും ദൈവവുമായുള്ള നമ്മുടെ ഉടമ്പടി പുതുക്കുകയും ചേയ്യേണ്ടത്.


## വേദാഭിമാനി ഇനിയും സൗജന്യമായി ലഭിക്കയില്ല

കഴിഞ്ഞ 14 വർഷമായി വേദാഭിമാനി ക്രൈസ്തവ വിജ്ഞാനപത്രം സൗജന്യമായി ലഭിച്ചിരുന്നവർ ദയവായി ശ്രദ്ധിക്കുക. 2014 മെയ് ലക്കത്തോടെ സൗജന്യ വിതരണം ഞങ്ങൾ അവസാനിപ്പിക്കുകയാണ്. വരിസംഖ്യ നൽകാത്തവർക്ക് ഇനി വേദാഭിമാനി ലഭിക്കുന്നതല്ല. വേദാഭിമാനിയുടെ പ്രത്യേകതകൾ എന്തൊക്കെയെന്ന് ഞങ്ങൾ ഈ പേജിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അത് വായിച്ചതിനു ശേഷം തുടർന്നും ലഭിക്കുവാൻ താൽപര്യപ്പെടുന്നുവെങ്കിൽ വരിസംഖ്യയായ 150 രൂപ ഉടൻ അയയ്ക്കുക. സാമ്പത്തികമായ ബുദ്ധിമുട്ടുമൂലം വരിസംഖ്യ അയയ്ക്കാൻ സാധിക്കുന്നില്ലെങ്കിൽ: വേദാഭിമാനി വായിക്കാൻ താൽപര്യപ്പെടുന്നതിന്റെ കാരണവും തുടർന്നു ലഭിക്കേണ്ട വിലാസവും വ്യക്തമാക്കി കത്ത് അയയ്ക്കുക. വരിസംഖ്യയോ, വേദാഭിമാനി ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തോ അയയ്ക്കാത്ത ആർക്കും മേലിൽ വേദാഭിമാനി അയയ്ക്കുന്നതല്ല.

### വാർഷിക വരിസംഖ്യ

ഇന്ത്യയിൽ : 150 മറ്റ് രാജ്യങ്ങൾ : 2000

വിലാസം
ടൈറ്റസ് കാർത്തികപ്പള്ളി
പുന്നൂത്തറ, കാർത്തികപ്പള്ളി, കേരള – 690516
ഫോൺ: 0479 2486783, 3201787, 9847232598, 9847990939
E-mail: vedabhimani@gmail.com Visit us : www.vedabhimani.com

## വേദാഭിമാനി



ഞങ്ങളുടെ പ്രത്യേകതകൾ

- ദുരുപദേശം വ്യാപകമായി പ്രചരിക്കുന്ന സാഹചര്യത്തിൽ ശരിയായ ഉപദേശം ആധികാരികമായി വ്യക്തമാക്കുന്ന ഏക പത്രം.
- ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും ശാസ്ത്രീയവും ചരിത്രപരവും മതപരവും വേദശാസ്ത്രപരവുമായ മറുപടി നൽകുന്ന ഏക പത്രം.
- വിജ്ഞാനവും കൗതുകവും നർമ്മവും ഡയ്ലോഗും ഫിലോസഫിയും നന്നായി കൈകാര്യം ചെയ്യുന്ന ഏക പത്രം..
- ജീവിതാനുഭവങ്ങളിലൂടെ ഹൃദയത്തെ തൊട്ടുണർത്തി പ്രായോഗിക ക്രിസ്തീയ ജീവിതം പഠിപ്പിക്കുന്ന ഏക പത്രം.
- വ്യക്തികളെ വിമർശിക്കാതെ വസ്തുതാപരമായ വിമർശനം നടത്തുന്ന ഏക പത്രം.
- പരസ്യം പ്രസിദ്ധീകരിക്കാത്ത ഏക പത്രം.

വേദാഭിമാനി വായിക്കൂ! വാസ്തവം തിരച്ചറിയൂ!!
ഉടൻ വേദാഭിമാനി വരിക്കാരാകൂ



# വേദാഭിമാനിയുടെ മറുപടി

***വ്യക്തിതാൽപര്യങ്ങളും സംഘടനാ താൽപര്യങ്ങളും ഇല്ലാത്ത പത്രമാണ് വേദാഭിമാനിയെന്ന് വായനയിലൂടെ മനസിലാക്കുന്നു. തിരുവചനം യാഥാർത്ഥ്യബോധത്തോടെ ആധികാരികമായി വിശദീകരിക്കുവാനും പഠിപ്പിക്കുവാനും നിങ്ങൾക്കു കഴിയുന്നുണ്ട്. ജനുവരിലക്കത്തിൽ പൗരോഹിത്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചോദിക്കട്ടെ, നിങ്ങൾ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിൽ കൈവയ്പിലൂടെ പുരോഹിതന്മാരെ സൃഷ്ടിക്കുന്നില്ലേ. ഞങ്ങളെപ്പോലെ പുറമേ തിരുവസ്ത്രങ്ങൾ ഉപയോഗിക്കുന്നില്ലെങ്കിലും സ്ഥാനമാനങ്ങൾ ഏതാണ്ട് ഒരുപോലെയല്ലേ. കൈവയ്പ് ശുശ്രൂഷയിലൂടെ അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് എന്താണ് പറയാനുള്ളത്.***

***ഫാ. ജോസഫ് ആനിത്തോട്ടം, കരവാളൂർ, പുനലൂർ, കൊല്ലം.***

ഒരു വ്യക്തിയെ ദൈവം വേലയ്ക്കായി വിളിച്ചു എന്ന് ബോദ്ധ്യം വരുമ്പോൾ പ്രാദേശിക സഭയിലെ മൂപ്പന്മാർ ചേർന്ന് കൈവച്ച് പ്രാർത്ഥിച്ച് ദൈവവേലയ്ക്കായി വേർതിരിച്ചിരുന്നു. ദൈവവേലയ്ക്ക് വിളിക്കപ്പെട്ട വ്യക്തിക്ക് പ്രാദേശിക സഭ നൽകുന്ന അംഗീകാരമാണ് ഓർഡിനേഷൻ.

പക്ഷേ നാലാം നൂറ്റാണ്ടായപ്പോൾ ഈ സ്ഥിതിക്ക് മാറ്റം വന്നു. പ്രാദേശിക സഭകൾക്ക് സ്വാതന്ത്ര്യം നഷ്ടമായി. ആകമാന സഭയുടെ തലവൻ എന്ന നിലയ്ക്ക് പോപ്പിന് എല്ലാ അധികാരങ്ങളും ലഭിച്ചു. ക്രമേണ ഓർഡിനേഷൻ എന്നത് പട്ടം കൊടുക്കലായി മാറി.



ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ടാകാമെങ്കിലും എല്ലാ വിശ്വാസികളും സഹോദരങ്ങളാണെന്ന നിലപാടിന് മാറ്റം വന്നു. വിശ്വാസിയെന്നും പുരോഹിതനെന്നും ഉള്ള വ്യത്യാസം നിലവിൽ വന്നു. മദ്ധ്യകാലഘട്ടത്തിൽ ഈ പ്രശ്നം അതീവ ഗുരുതരമായി. മതനവീകരണത്തിനുവരെ വഴിവെച്ചത് ഇത്തരം പ്രശ്നങ്ങളാണ്.

റോമൻ സഭയിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പടപൊരുതിക്കൊണ്ട് ആരംഭം കുറിച്ച പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം പിന്നീട് റോമൻ സഭയേക്കാൾ വഷളായിത്തീർന്നു. അതുകൊണ്ട് പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിൽ തന്നെ കൂടുതൽ നവീകരണമുണ്ടായി. അത് അനുദിനം പുരോഗമിക്കുകയും ഇന്നു കാണുന്ന വിധത്തിലുള്ള പ്രസ്ഥാനങ്ങളുണ്ടാകുകയും ചെയ്തു. ഒന്നാം നൂറ്റാണ്ടിലെ സഭയിൽ നിലനിന്നിരുന്ന വിശ്വാസാചാരങ്ങൾ അതേപടി അംഗീകരിക്കുന്നവരാണ് പെന്തക്കോസ്തുകാർ എന്നാണ് വെയ്പ്. എല്ലാ വിശ്വാസിയും പുരോഹിതനാണ് എന്ന് പെന്തക്കോസ്ത് സഭകൾ ഉറച്ച് വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നു. പക്ഷേ പട്ടത്വ സഭകളിലേതുപോലെ പെന്തക്കോസ്ത് സഭകളിലും വിശ്വാസി-പുരോഹിതൻ എന്ന തരംതിരിവുണ്ട്. ഓർഡിനേഷൻ കിട്ടിയ പാസ്റ്റർ പെന്തക്കോസ്തിൽ പുരോഹിതനാണ്.

സംഘടനയുടെ നേതാവിനാണ് ഓർഡിനേഷൻ കൊടുക്കാൻ അധികാരം. നേതാവിനെ കണ്ട് പണവും മറ്റു പലതും കൊടുത്ത് തൃപ്തിപ്പെടുത്തുന്നു. സംപ്രീതനായ നേതാവ് സ്ഥാനമോഹിയുടെ തലയിൽ കൈവയ്ക്കുന്നതോടെ ഓർഡിനേഷൻ നടക്കുന്നു. സംഘടനയുടെ നേതാവ് കൈ വെയ്ക്കുമ്പോൾ എന്ത് അധികാരമാണ് കൈമാറി കിട്ടുന്നത് എന്ന് അറിഞ്ഞുകൂടാ.

ഇക്കാലത്ത് ഒരു വ്യക്തി പാസ്റ്ററാകുന്നത് പല കടമ്പകളും കടന്നാണ്. ബൈബിൾ കോളേജിൽ പഠിച്ച് ഇറങ്ങിയിട്ട് സുവിശേഷകനായി പ്രവർത്തനം ആരംഭിക്കുന്നു. ചില വർഷങ്ങൾ സുവിശേഷകനായി പ്രവർത്തിച്ചശേഷം ഓർഡിനേഷൻ കിട്ടി പാസ്റ്ററാകുന്നു. പാസ്റ്റർ പിന്നീട് റവയായി മാറും. അത് എപ്പോൾ സംഭവിക്കുമെന്നോ എങ്ങനെ സംഭവിക്കുമെന്നോ അറിഞ്ഞുകൂടാ. അല്പം കാശുമുടക്കിയാൽ റവ. ഡോ. വരെ ആകാം.

പണം കൊടുത്ത് പൗരോഹിത്യവും ബിഷപ്പ് പദവിയും മറ്റും നേടുന്ന ദുരാചാരം പണ്ട് കത്തോലിക്കാസഭയിൽ നിലനിന്നിരുന്നു. പണം കൊടുത്ത് പരിശുദ്ധാത്മാവിനെ വാങ്ങാൻ ശ്രമിച്ച ശീമോനോടുള്ള ബന്ധത്തിൽ ഈ പരിപാടിക്ക് സൈമണി എന്ന് പേരും ലഭിച്ചിരുന്നു. മതനവീകരണത്തിന് ഇതും ഒരു കാരണമായിട്ടുണ്ട്. പക്ഷേ കത്തോലിക്കാസഭയിൽ നിലനിന്നിരുന്നതിലും ഹീനമായ സൈമണിയാണ് പെന്തക്കോസ്തിൽ ഇന്ന് നിലനിൽക്കുന്നത്.

സ്വതന്ത്രമായി നിൽക്കേണ്ട പ്രാദേശിക സഭകളെ കൂട്ടിയിണക്കി സംഘടനയുണ്ടാക്കിയത് തെറ്റ്. സംഘടനയുടെ നേതാവിന് ഇല്ലാത്ത അധികാരം നൽകിയത് മറ്റൊരു തെറ്റ്. സംഘടന അഥവാ പ്രസ്ഥാനത്തിന്റെ നേതാവിന് ഓർഡിനേഷൻ കൊടുക്കാനുള്ള അധികാരം കൈവന്നത് അതിലും വലിയ തെറ്റ്. ഇതിന്റെയൊക്കെ ഫലമാണ് ദൈവമക്കൾ ഇന്ന് അനുഭവിക്കുന്നത്.

ഏതു വചനത്തിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനേഷൻ നടത്തുന്നത് എന്ന് ചോദിച്ചാൽ വിചിത്രമായ മറുപടിയാണ് ലഭിക്കുക. എങ്കിലും ഭൂരിപക്ഷം ആളുകളും അ.പ്ര. 13-ാം അദ്ധ്യായമാണ് ചൂണ്ടിക്കാണിക്കുക. പക്ഷേ അവിടെ പറയുന്ന കാര്യങ്ങളൊന്നുമല്ല പെന്തക്കോസ്ത് സഭകളിൽ നടക്കുന്നത് എന്നു മാത്രം.

***സി.എസ്.ഐ. പോലുള്ള പ്രസ്ഥാനങ്ങളിൽ സ്ത്രീകൾ ബിഷപ്പാകുന്നു. അസംബ്ലീസ് ഓഫ് ഗോഡിലും സ്ത്രീകൾ അദ്ധ്യക്ഷസ്ഥാനത്തേക്ക് വരുന്നു. ഇവരൊന്നും ദൈവവചനം പഠിച്ചിട്ടില്ലേ? അതോ അവർ ദൈവവചനം അംഗീകരിക്കുന്നില്ലെന്നുണ്ടോ? സ്ത്രീകളെ പാസ്റ്ററും ബിഷപ്പും ഒക്കെ ആക്കുന്ന നടപടി ശരിയോ തെറ്റോ എന്ന് ദയവായി വ്യക്തമാക്കുക.***

***പാസ്റ്റർ ഫിലിപ്പ്, പെരുവന്താനം, തലക്കോട്, കോതമംഗലം, എറണാകുളം***

1 തിമൊ. 3:1; തീത്തോ. 1:7; 1 പത്രോ. 2:25 എന്നീ വാക്യങ്ങളിലാണ് ബിഷപ്പ് എന്ന വാക്ക് ഇംഗ്ലീഷ് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്. ഈ മൂന്നു സ്ഥലങ്ങളിലും എപ്പിസ്ക്കോപ്പോസ് എന്ന ഗ്രീക്ക് വാക്കാണ് ബിഷപ്പ് എന്ന് തർജ്ജമ ചെയ്തിരിക്കുന്നത്.

അദ്ധ്യക്ഷൻ, മേൽനോട്ടക്കാരൻ എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം.

ഒന്നാം നൂറ്റാണ്ടിൽ പ്രാദേശിക സഭ സ്വതന്ത്രമായിരുന്നു. കൊരിന്തിലെ സഭ, റോമിലെ സഭ, യെരൂശലേമിലെ സഭ തുടങ്ങിയവയെല്ലാം തമ്മിൽ ആത്മീയ ബന്ധം മാത്രമാണ് ഉണ്ടായിരുന്നത്. ഈ പ്രാദേശിക സഭകളെല്ലാം ചേർത്ത് സംഘടന ഉണ്ടാക്കുന്ന പരിപാടി ഇല്ലായിരുന്നു എന്ന് ചുരുക്കം.



എല്ലാ സഭകളിലും നിരവധി ശുശ്രൂഷകന്മാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരുന്നു. അവരുടെ അദ്ധ്യക്ഷനായിരുന്നു പാസ്റ്റർ അഥവാ ബിഷപ്പ്. ഇന്നുള്ളതുപോലെ നിരവധി പ്രാദേശിക സഭകളുടെ തലവനായിരുന്നില്ല ബിഷപ്പ് എന്നു ചുരുക്കം. അക്കാലത്ത് ഒരു പട്ടണത്തിൽ ഒരു സഭയാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് ഓരോ പട്ടണത്തിലും ഓരോ ബിഷപ്പാണ് ഉണ്ടായിരുന്നതെന്ന് വ്യക്തം. ബിഷപ്പിന് മെട്രോപ്പോലീറ്റൻ എന്നു പേര് ലഭിച്ചതും ഇങ്ങനെതന്നെ.

കാലക്രമത്തിൽ സഭകൾ വളർന്നു. പട്ടണത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നും ആരാധനയ്ക്ക് വന്നിരുന്നവർ തങ്ങളുടെ പ്രദേശത്ത് ചെറിയ കൂടിവരവുകൾ ആരംഭിച്ചു. എങ്കിലും അവർ മാതൃസഭയുമായുള്ള ബന്ധം വിട്ടുകളഞ്ഞതുമില്ല. മാതൃസഭയിലെ പാസ്റ്ററുടെ നിർദ്ദേശമനുസരിച്ചായിരുന്നു ഇവർ പ്രധാന തീരുമാനങ്ങളെല്ലാം എടുത്തിരുന്നത്. നൂറ്റാണ്ടുകൾ പലത് കഴിഞ്ഞപ്പോൾ പ്രധാന പട്ടണങ്ങളിലെ സഭകളുടെ തലവൻ ചുറ്റുമുള്ള സഭകളുടേയും തലവനാണെന്നു വന്നു. അങ്ങനെയാണ് ഇന്നത്തെ ബിഷപ്പുമാർ ഉണ്ടായത്. ദൈവവചനത്തിലുള്ള ബിഷപ്പും ഇന്നു കാണുന്ന സഭകളിലെ ബിഷപ്പും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധം മാത്രമേയുള്ളൂ.

ആദിമ സഭയിൽ ശുശ്രൂഷക്കാരത്തികൾ ഉണ്ടായിരുന്നു. ഫേബ തന്നെ നല്ല ഉദാഹരണം. സഭാശുശ്രൂഷ എന്നു പറഞ്ഞാൽ പാസ്റ്റർ ഉദ്യോഗം എന്ന് നാം ധരിച്ചുവെച്ചിരിക്കുകയാണ്. പക്ഷേ അങ്ങനെയൊരു അർത്ഥം ആ വാക്കിനില്ല. ദൈവമക്കൾക്കായി ഭക്ഷണം വെച്ചുവിളമ്പുന്നതുപോലും ശുശ്രൂഷയാണ്.

സ്ത്രീകൾക്ക് ഏതൊക്കെ ശുശ്രൂഷ ചെയ്യാം? സ്ത്രീകൾ അപ്പൊസ്തോലിക ശുശ്രൂഷ ചെയ്തതായി ദൈവവചനത്തിൽ കാണുന്നില്ല. എന്നാൽ സ്ത്രീകൾക്ക് പ്രവാചക ശുശ്രൂഷ ചെയ്യാം. സുവിശേഷകനായ ഫിലിപ്പോസിന്റെ പെൺമക്കൾ പ്രവചിച്ചിരുന്നു. ശിരോവസ്ത്രം ധരിച്ചുകൊണ്ട് സ്ത്രീകൾക്ക് സഭയിലും പ്രവചിക്കാം.

നിരവധി സ്ത്രീകൾ സുവിശേഷകരായി ശുശ്രൂഷ ചെയ്തിരുന്നു എന്ന് തിരുവചനം പറയുന്നു. അതുകൊണ്ട് സ്ത്രീകൾക്ക് സുവിശേഷകരായി ശുശ്രൂഷ ചെയ്യാം. **സ്ത്രീകൾ ഇടയ ശുശ്രൂഷ ചെയ്തിട്ടുള്ളതായി ബൈബിളിൽ കാണുന്നില്ല. ഏക ഭാര്യയുടെ ഭർത്താവായിരിക്കാൻ സ്ത്രീക്ക് കഴിയുകയുമില്ലല്ലോ. അതുകൊണ്ട് അദ്ധ്യക്ഷസ്ഥാനം വഹിക്കാൻ സ്ത്രീകളെ തിരുവചനം അനുവദിക്കുന്നില്ല.**

ഉപദേഷ്ടാവ് അഥവാ അദ്ധ്യാപകന്റെ ശുശ്രൂഷ സ്ത്രീകൾക്കും ചെയ്യാം. പക്ഷേ **പുരുഷനെ പഠിപ്പിക്കാനുള്ള അധികാരം സ്ത്രീകൾക്കില്ല.** സ്ത്രീകളേയും കുട്ടികളേയും സ്ത്രീകൾക്ക് പഠിപ്പിക്കാം. ഇങ്ങനെയൊക്കെയാണ് ദൈവവചനത്തിൽ കാണുന്നത്.

സ്ത്രീകളെ ബിഷപ്പാക്കുന്നതിനെക്കുറിച്ച് ഇനി വിശേഷിച്ച് പറയേണ്ടതുണ്ടോ? പട്ടത്വസഭകളിലെ പുരോഹിതനും ബിഷപ്പും മറ്റും ദൈവവചനാനുസൃതമുള്ളതല്ല. അതുകൊണ്ട് സ്ത്രീകളെ ബിഷപ്പാക്കാമോ, പുരോഹിതയാക്കാമോ എന്നൊക്കെ ചോദിക്കുന്നതിൽ അർത്ഥമില്ല. പ്രാദേശിക സഭകൾ സ്വതന്ത്രമാണ്. അങ്ങനെതന്നെ ആയിരിക്കണം. സ്വതന്ത്രസഭകൾ കൂട്ടികെട്ടി സംഘടനയുണ്ടാക്കിയശേഷം ആ സംഘടനയുടെ കീഴിലുള്ള കുറെ പള്ളികളെ ഭരിക്കാൻ ബിഷപ്പിനെ നിയമിക്കുന്നതിന് ബൈബിളിൽ ആധാരം തേടുന്നതെന്തിന്? ഇത് തികച്ചും വചനവിരുദ്ധം തന്നെ. പ്രാദേശിക സഭകളെ ഭരിക്കാനായി സെന്ററും തലസ്ഥാനവും ഉണ്ടാക്കിയതു തന്നെ തെറ്റ്. ഇതിന്റെ തലവനായി പുരുഷനേയോ സ്ത്രീയേയോ സാക്ഷാൽ ചെകുത്താനേയോ ആക്കാവുന്നതാണ്. അസംബ്ലീസ് ഓഫ് ഗോഡിൽ സ്ത്രീകളെ പാസ്റ്റർമാർ ആക്കുന്നത് തികച്ചും വചനവിരുദ്ധം തന്നെ. സംശയം വേണ്ട. സ്വതന്ത്രമായിരിക്കേണ്ട പ്രാദേശിക സഭകളെ കൂട്ടിയിണക്കി ദൈവസഭയെന്ന പേരിൽ സംഘടനകളും പ്രസ്ഥാനങ്ങളും ഉണ്ടാക്കുന്നത് വചനവിരുദ്ധം തന്നെ. ഇങ്ങനെ വചനവിരുദ്ധമായി സംഘടകൾ ഉണ്ടാക്കിയിട്ട് അതിന്റെ നേതൃസ്ഥാനത്ത് സ്ത്രീകളെ വെയ്ക്കുന്നത് ശരിയോ എന്ന് പരിശോധിക്കുന്നതിൽ അർത്ഥമില്ല. പ്രാദേശിക സഭകളിൽ ശുശ്രൂഷകന്മാരും ശുശ്രൂഷക്കാരത്തികളും അവരുടെ അദ്ധ്യക്ഷനായി ബിഷപ്പും ഉണ്ടായിരിക്കണം. വിളിക്കപ്പെട്ടവരെ പ്രാദേശിക സഭയിലെ മൂപ്പന്മാർ ചേർന്ന് കൈവച്ച് വേലയ്ക്കായി വേർതിരിക്കണം. ഇതാണ് വ്യവസ്ഥ. ഇതാണ് ദൈവവചനം പറയുന്നത്. ഇതൊക്കെ ആരുകേൾക്കുന്നു? ആര് അനുസരിക്കുന്നു? ഇതൊക്കെ ആരോടു പറയാൻ?

This is The Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 200/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st March 2014
Posted on 15th March 2014
Posted at R.M.S. Kayamkulam



## ഇരുട്ടിലെ കടുവ

**ചി**ല വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവമാണിത്. പ്രസിദ്ധമായ സർക്കസ് കമ്പനി പ്രദർശനം നടത്തിക്കൊണ്ടിരിക്കുന്നു. ആ രാജ്യത്തെ ജനങ്ങൾ മുഴുവൻ ടെലിവിഷനിൽകൂടി സർക്കസ് വീക്ഷിക്കുന്നു. പരിശീലകൻ കടുവകളെ ഒരു ഇരുമ്പു കൂട്ടിലാക്കി രംഗത്തുവന്നു.

വളരെ ആകാംഷാഭരിതരായി എല്ലാവരും ഇരിക്കുമ്പോൾതന്നെ പരിശീലകൻ വാതിൽ തുറന്ന് കൂടിന്റെ അകത്തു കയറി. ഇരുമ്പു കൂട്ടിനുള്ളിൽ നാലഞ്ചു കൂറ്റൻ കടുവകളുടെ നടുവിൽ ഈ കൊച്ചു മനുഷ്യൻ തനിയെ. ചാട്ടവാറുകൊണ്ടുള്ള അടിയുടെ ശബ്ദവും ആംഗ്യങ്ങളും മനസിലാക്കി കടുവകൾ വളരെ അനുസരണത്തോടെ അയാൾ പറയുന്നതുപോലെ എല്ലാം ചെയ്യുന്നു.

ഇങ്ങനെ കൂട്ടിനുള്ളിൽ ഓരോ പരിപാടികൾ തകൃതിയായി നടന്നുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു വൈദ്യുതി നിലച്ചു. കൂരിരുട്ട്. കടുവാക്കൂട്ടിൽ ഈ മനുഷ്യനും കടുവകളും! ഇരുട്ടിൽ കടുവയ്ക്കു ഇയാളെ കാണാം. എന്നാൽ, ഇരുട്ടിന്റെ കാഠിന്യം കൊണ്ട് പരിശീലകന് കടുവകളെ കാണാൻ ഒരു നിവൃത്തിയും ഇല്ല. നിമിഷങ്ങൾ നീങ്ങി. കുറേ കഴിഞ്ഞപ്പോൾ വെളിച്ചം വന്നു. അയാൾക്കു എന്തു സംഭവിച്ചെന്നറിയാൻ ആളുകളെല്ലാം ചാടി എഴുന്നേറ്റ് സ്റ്റേജിലേക്ക് എത്തിനോക്കി. അപ്പോഴും അയാളും കടുവകളും തങ്ങൾ ചെയ്തുകൊണ്ടിരുന്ന കസർത്തുകൾ തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. പരിശീലകൻ ആജ്ഞാപിക്കുന്നു; ചാട്ടകൊണ്ടടിക്കുന്നു; കടുവകൾ അക്ഷരംപ്രതി അനുസരിക്കുന്നു. അത്ഭുത പരതന്ത്രരായി തീർന്ന കാണികൾ. എല്ലാവരും ആ മനുഷ്യനെ പിന്നീട് ചോദ്യങ്ങളുമായി വളഞ്ഞു. വൈദ്യുതി പോയ സമയത്ത് നിങ്ങൾ എന്തു ചെയ്തു? ജനങ്ങൾ അയാളോട് ചോദിച്ചു.

അയാൾ പറഞ്ഞു: ഏതു നിമിഷവും കടുവകൾ എന്നെ കടിച്ചു കീറുമെന്ന് എനിക്കറിയാമായിരുന്നു. എങ്കിലും ആത്മധൈര്യം വീണ്ടെടുത്ത് എന്നോടുതന്നെ ഇപ്രകാരം പറഞ്ഞു: ഇതുങ്ങൾക്ക് എന്നെ കാണാം. പക്ഷേ, എനിക്ക് കാണാൻ വയ്യ എന്നുള്ള കാര്യം അവർക്കറിയില്ല. അതുകൊണ്ട് വെളിച്ചം ഉണ്ടായിരുന്നതുപോലെതന്നെ അഭിനയിക്കാമെന്ന് ചിന്തിച്ച് ചാട്ടവാറുകൊണ്ട് ശബ്ദം ഉണ്ടാക്കിയും അതിനോടു ആജ്ഞാപിച്ചുമാണ് ഞാൻ രക്ഷപ്പെട്ടത്. ഭയം ഉണ്ടായി; എന്നാൽ ആ ഭയത്തിനു ഞാൻ കീഴടങ്ങിയില്ല. ഇത് എത്ര ആശ്ചര്യമായിരിക്കുന്നു! ഈ സംഭവം മനശാസ്ത്രപരമായ ചില സത്യങ്ങൾ നമുക്കു പറഞ്ഞുതരുന്നു. ഭയത്തിനു കീഴടങ്ങിയാൽ നാം തകർന്നുപോകും. ഭയത്തെ കീഴടക്കാൻ കഴിയണം.

നമ്മുടെ ജീവിതം അനുനിമിഷം മുന്നോട്ടു പോകുന്നതു ദൈവത്തിന്റെ അനന്തപരിപാലനയിലാണ്. ഈ ബോധ്യം നമുക്കുണ്ടെങ്കിൽ നമ്മുടെ ഹൃദയം ഒരു കാര്യത്തെയും കുറിച്ചു പരിധിവിട്ട് ആകുലചിന്തയ്ക്ക് അടിപ്പെടില്ലെന്നതാണു വസ്തുത. നമ്മുടെ ജീവിതത്തിലെ കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുവാൻ തീർച്ചയായും നാം പ്ലാൻ ചെയ്യണം. അതായത്, എല്ലാം ദൈവം നടത്തിക്കൊള്ളും എന്നു പറഞ്ഞു വെറുതെ കൈയും കെട്ടി ഇരിക്കരുതെന്നു സാരം.

എന്നാൽ, അതുപോലെതന്നെ പ്രധാനപ്പെട്ടതാണു ദൈവമാണു നമ്മെ വഴിനടത്തുന്നതെന്ന ബോധ്യം.നമ്മുടെ പ്ലാനും പദ്ധതിയും പാളിയാലും അവയൊക്കെ ദൈവത്തിനു നേരെയാക്കാവുന്നതേയുള്ളു. തന്മൂലം, നമ്മുടെ ശ്രദ്ധ എപ്പോഴും അവിടുത്തെ അനന്തമായ പരിപാലനയിലായിരിക്കട്ടെ. അപ്പോൾ ഭയത്തിന്റേതെന്നല്ല, ഏതു പ്രതികൂല സാഹചര്യത്തിലും മനഃസമാധാനം നഷ്ടപ്പെടാതെ സന്തോഷത്തോടെ മുന്നോട്ടു പോകുവാൻ നമുക്കു സാധിക്കും.



## ഡയ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺എല്ലാവരും ഒരുപോലെ മോശമാണെന്ന് കരുതരുത്. എനിക്ക് സ്ത്രീകളെ കാണുമ്പോൾ ഒരു വികാരവും ഉണ്ടാകാറില്ല. എന്തിന്, ഞാനവരെ നോക്കാറുപോലുമില്ല.

*പാസ്റ്റർ സി. ജയദാസ്, വേഴുമ്പ്ര, വടശ്ശേരിക്കര*

☹**താങ്കളുടെ പ്രധാനപ്പെട്ട ഒരു ഞരമ്പ് തകരാറിലാണ്.**

☺ക്രിസ്മസിനെക്കുറിച്ച് വേദാഭിമാനിയിൽ ഒരു പരാമർശം പോലും കണ്ടില്ല.

*ജോയി പനവേലി, ഇളമ്പൽ, കൊല്ലം.*

☹ **കള്ളു കുടിക്കാനും പോത്തിറച്ചി തിന്നാനും കേക്ക് മുറിക്കാനും വേർതിരിക്കപ്പെട്ട ദിവസം! എന്താ ഇത്രയും പോരെ.**

☺പുതുവർഷത്തിൽ പുതുക്കത്തിനുള്ള അഥവാ മുഖം മിനുക്കാനുള്ള ഒരാഹ്വാനം ഇല്ലാത്തതിനു കാരണം.

*ജോസ് മാത്യു, ഇരവിപേരൂർ, തിരുവല്ല.*

☹ **നന്നല്ലാത്ത മുഖം മിനുക്കിയിട്ടെന്തു കാര്യം.**

☺ പണമില്ലാത്തവന് സമൂഹത്തിൽ ഒരു സ്ഥാനവുമില്ല. ആത്മീയരുടെ ഇടയിലും അങ്ങനെതന്നെ എന്നത് കഷ്ടമല്ലേ.

*ടി.ഡി. ജോൺ, പാളയം, തിരുവനന്തപുരം.*

☹**ഉപഭോഗസംസ്കാരത്തിൽ മനുഷ്യന് ഒരു ടി.വി.യുടെയോ ഫ്രിഡ്ജിന്റേയോ സ്ഥാനമേയുള്ളു. ഉപയോഗമില്ലെങ്കിൽ, പ്രയോജനപ്പെടുന്നില്ലെങ്കിൽ അവൻ പിന്നെ വെറും ആക്രി.**

☺ രണ്ടോ, നാലോ പേരുള്ളിടത്ത് ദൈവമുണ്ട് എന്ന് കുമ്പനാട്ട് ഒരു രാഷ്ട്രീയ നേതാവ് പ്രസംഗിച്ചതിനെക്കുറിച്ച്.

*ജേക്കബ് കുര്യൻ, വെളിയന്നൂർ, തൃശ്ശൂർ*

☹**വചനത്തിൽ ഇല്ലാത്ത കാര്യം പുള്ളി കണ്ടുപിടിച്ചല്ലോ,മിടുക്കൻ.**

☺നവതി ആഘോഷിക്കാൻ ഐ.പി.സി. ഇല്ലായിരുന്നെങ്കിൽ രാജ്യത്തിന്റെ സ്ഥിതി എന്താകുമായിരുന്നു എന്ന് പ്രസംഗിച്ചതിനെ സംബന്ധിച്ച്.

*ടി.യു. ഉതുപ്പാൻ, വടവാതൂർ, കോട്ടയം.*

☹**ഈ പ്രസ്ഥാനവും നേതാക്കന്മാരും ഇല്ലായിരുന്നെങ്കിൽ പാവപ്പെട്ട ദൈവദാസന്മാർക്ക് മാന്യമായി സുവിശേഷവേല ചെയ്യാമായിരുന്നു.**



## ജീവിതം കടൽപോലെ

**ക**രയേക്കാൾ സമ്പന്നമാണ് കടൽ. എല്ലാവരേയും ഒരുപോലെ കടൽ സ്വീകരിക്കുന്നു. ദിവസവും കടലിൽ പോകുന്ന മുക്കുവർക്ക് കടൽ വല നിറയെ മീൻ സമ്മാനിക്കുന്നു.

കടലിൽ മുത്തുകൾ തേടി മുങ്ങുന്നവർക്ക് കടൽ കൈ നിറയെ മുത്തുകൾ നല്കുന്നു.

കടലിൽ എണ്ണ നിക്ഷേപം തേടുന്നവർക്കായി എണ്ണയുടെ അക്ഷയഖനികൾ കാണിച്ചു കൊടുക്കുന്നു.

കടൽ വെള്ളം വറ്റിക്കുന്നവർക്ക് ചാക്കു കണക്കിന് ഉപ്പ് കൊടുക്കുന്നു.

ജീവിതവും കടൽ പോലെയാണ്. ജീവിതത്തിൽ നാം എന്തിനായി ശ്രമിക്കുന്നുവോ, അത് ജീവിതം നമുക്ക് സമ്മാനിക്കും!




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul’s Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally